കണ്ണൂർ അന്തർദേശീയ വിമാനത്താവളത്തോടനുബന്ധിച്ചുള്ള കാറ്റഗറി 1 ലൈറ്റിങ്ങിനു സമീപത്തുള്ള 5 കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാതം പഠനം- അന്തിമ റിപ്പോർട്ട്

18.09.2025

ചെയർമാൻ

സാമൂഹ്യ ആഘാത പഠന യൂണിറ്റ്

(കയ്റോസ് കണ്ണൂർ)

TABLE OF CONTENTS

Executive Summary

- Project and public purpose
- Location
- Size and attributes
- Alternatives considered
- Social impacts
- Mitigation measures

Detailed project description

- Background of the project, including developer's background and governance/management structure
- Rationale for project including how the project fits the public purpose criteria listed in the act
- Details of project size, location, capacity, output, production targets, costs, risks
- Examination of alternatives
- Phases of project construction
- Core design features and size and type of facilities
- Need of ancillary infrastructural facilities
- Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports
- Applicable law and policies

Team composition approach, methodology and schedule of the Social Impact Assessment

- List of all team members with qualification
- Description and rationale for the methodology and tools used to collect information for the social impact assessment
- Sampling methodology used
- Overview of informations/ data sources used
- Schedule of consultations with key stakeholders and brief description of public hearings conducted

Land assessment

- Describe with the help of maps information from land inventory and primary sources.
- Entire area of impacts under the influence of the project. (not limited to land area for acquisition)
- Total land required for the project
- Present use of any public, utilized land in the vicinity of the project area
- Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project
- Quantity and location of the land proposed to be acquired for the project
- Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses
- Land prices and recent changes in ownership, transfer and use of lands over the last 3 years

Estimation and enumeration (where required) of affected families and assets

- Estimation of families
- Families which are directly affected (own land that is proposed to be acquired)
- Family of scheduled tribes and other traditional forest dwellers who have lost any of their forest rights.
- Families which depend on common property resources which will be affected due to acquisition of land for their livelihood
- Families which have been assigned land by the state government or the central government under any of its schemes and such land is under acquisition
- Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land
- Families which are indirectly impacted by the project (not affected directly by the acquisition of own land)
- Inventory of productive assets and significant lands

Socio-economic and cultural profile (affected area and resettlement site)

- Demographic details of the population in the project area
- Income and poverty levels
- Vulnerable groups
- Land use and livelihood
- Local economic activities

- Factors that contribute to local livelihood
- Kinship patterns and social and cultural organisations
- Administrative organisations
- Political organizations
- Community based and civil society organisations
- Regional dynamics and historical change processess
- Quality of the living environment

- **<u>Social impact management plan</u>**
- Approach to mitigation
- Measures to avoid, mitigate and compensate impact
- Measures that are included in the terms of rehabilitation and resettlement and compensation as outlined in the act
- Measures that the requiring body has stated it will introduce in the project proposal
- Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process
- Detailed mitigation plan

Social impact management plan institutional framework

- Description of institutional structures and key person responsible for each mitigation measures
- Specify role of Non Governmental Organization etc, if involved
- Indicate capacities required and capacity building plan, including technical assistance, if any
- Timelines of each activity

Social impact management plan Budget and financing of Mitigation Plan

- Costs of all resettlement and rehabilitation costs
- Annual budget and plan of action
- funding sources with breakup

Social impact management plan monitoring and evaluation

- Key monitoring and evaluative indicators

- Reporting mechanisms and monitoring roles
- Plan for independent evaluation

Analysis of costs and benefits and recommendation on acquisition

- Final conclusions on : Assessment of public purpose, less displacing alternatives, minimum requirements of land, the nature and intensity of social impacts, and viable migration measures and the extent to which mitigation measures will address costs.
- The above analysis will use the equity principle as a framework of analysis for presenting a final recommendation on whether the acquisition should go through or not

അനുബന്ധം

1. ചിത്രങ്ങൾ

- ❖ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ചിത്രങ്ങൾ
- ❖ പഞ്ചായത്ത് അധികാരികളുമായി പഠന യൂണിറ്റ് അംഗങ്ങൾ ചർച്ച നടത്തുന്നു
- ❖ റവന്യു പ്രധിനിധികളോടൊപ്പവും പഞ്ചായത്ത് അധികൃതരോടൊപ്പവും ചേർന്ന് പഠന യൂണിറ്റ് അംഗങ്ങൾ സ്ഥല സന്ദർശനം നടത്തുന്നു.
- ❖ ഭൂവുടമകളെ നേരിൽ കണ്ട് പഠന യൂണിറ്റ് അംഗങ്ങൾ ചർച്ച നടത്തുന്നു.

2. പൊതുകേൾക്കൽ യോഗത്തിന്റെ ചിത്രങ്ങൾ

3. ഗസറ്റിന്റെ പകർപ്പ്

3. കേരള കൗമുദി **14.6.2024** ലെ പത്രപരസ്യത്തിന്റെ പകർപ്പ്

4. സുപ്രഭാതം**14.06.2024** ലെ പത്രപരസ്യത്തിന്റെ പകർപ്പ്

5. പൊതു അവകാശവാദ യോഗത്തിന്റെ നോട്ടീസ്.

6. പൊതു അവകാശ വാദ യോഗത്തിന്റെ ഹാജരും നിർദേശത്തിന്റെ ശരി പകർപ്പും

7. പൊതുഅവകാശവാദത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾക്കുള്ള അർത്ഥനാധികാരിയുടെ മറുപടി

കണ്ണൂർ അന്തർദേശീയ വിമാനത്താവളത്തോടനുബന്ധിച്ചുള്ള കാറ്റഗറി 1 ലൈറ്റിങ്ങിനു സമീപത്തുള്ള 5 കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാതം പഠനം- അന്തിമ റിപ്പോർട്ട്

കണ്ണൂരിന്റെ വ്യോമയാന ചരിത്രത്തിലെ നാഴികക്കല്ലായി മാറിയിരിക്കുന്ന (KIAL) സമീപത്ത് കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത വസ്തുവിന് തൊട്ടു നിൽക്കുന്നതും സുരക്ഷാ ഭീഷണി ഉള്ളതുമായ ഇതിന്റെ സമീപത്തുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടാണ് സാമൂഹിക ആഘാത പഠനം നടത്തുന്നത്. ഇതിനോട് ചേർന്നു താമസിക്കുന്ന അഞ്ചു കുടുംബങ്ങളുടെ ഉടമസ്ഥതയിൽ ഉള്ളതും പഴശ്ശി അംശം മട്ടന്നൂർ ദേശത്തുള്ള വ്യത്യസ്ത സർവ്വേ നമ്പറുകളിൽപ്പെടുന്ന 29.08 ആർ ഭൂമി (71.85 സെന്റ്) കൂടി ഏറ്റെടുക്കപ്പെടേണ്ടിയിരിക്കുന്നു. ഇതിനായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ, വകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി, സാമൂഹ്യ ആഘാത പഠനം നടത്താൻ ചുമതലപ്പെട്ട 'കയ്റോസ്' കണ്ണൂർ എന്ന അംഗീകൃത ഏജൻസി, വിശദമായ പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

Executive summary

Project and public purpose

കണ്ണൂർ വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനു സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത വസ്തുവിന് തൊട്ട് നിൽക്കുന്നതും നിലവിൽ താമസിച്ച് വരുന്ന അഞ്ച് കുടുംബങ്ങൾക്ക് സുരക്ഷാ ഭീഷണി ഉണ്ടാകാൻ ഇടയുണ്ട് എന്ന സാഹചര്യത്തിൽ അവരുടെ ഭൂമി ഏറ്റെടുക്കൽ ആണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ പ്രത്യേക പദ്ധതി ഒന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന് അറിയാൻ കഴിഞ്ഞു. ഈ പ്രദേശത്തു സുരക്ഷാ ഭീഷണിയിൽ അഞ്ച് കുടുംബങ്ങളിലായി താമസിച്ച് വരുന്ന പതിനേഴു പേരുടെ ജീവന് സുരക്ഷ നൽകാനാണ് ഈ സ്ഥലം ഏറ്റെടുപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളത് മൗലികാവകാശങ്ങളിൽ തന്നെ വ്യക്തമാക്കപ്പെട്ടതും അതുകൊണ്ട് തന്നെ

സർക്കാരിന്റെ ഉത്തരവാദിത്വം കൂടി ആയതിനാൽ ഈ ഭൂമി ഏറ്റെടുക്കൽ പൊതു ആവശ്യം തന്നെ ആണ്.

LOCATION

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെടുന്നതും 8/1A ,8/1C എന്നീ സർവ്വേ നമ്പറുകളിൽ പെടുന്നതും മട്ടന്നൂർ - വായംതോട് - എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ നടപ്പാതയുടെ ഇടതു ഭാഗത്തും ആയിട്ടാണ് ഈ സ്ഥലങ്ങൾ സ്ഥിതി ചെയ്യുന്നത്.

Size and attributes

ഈ അഞ്ച് വീടും സ്ഥലവും മുഴുവനായി ഏറ്റെടുക്കപ്പെടുകയാണ് ചെയ്യുന്നത്.മൊത്തം സ്ഥലം 71.85 സെൻറ് (29.08 ആർ) ആണ് .

Alternatives considered

ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്നത് വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനായി ഏറ്റെടുത്ത വസ്തുവിന് തൊട്ടടുത്ത് താമസിക്കുന്ന കുടുംബങ്ങളുടേതാണ്. ഇവർക്ക് സുരക്ഷാ ഭീഷണി ഉള്ളതുകൊണ്ടാണ് ഈ സ്ഥലം ഏറ്റെടുക്കുന്നത്. അതിനാൽ തന്നെ പകരം സ്ഥലം എന്നുള്ളത് പ്രായോഗികമല്ല .

Social impacts

ഇവിടെ ഏറ്റെടുക്കപ്പെടുന്നത് വായംതോട്-എയർപോർട്ട് റോഡ് തുടങ്ങുന്ന സ്ഥലത്ത് നിന്ന് ഏകദേശം എണ്ണൂറു മീറ്റർ അകലെയായി വലത് ഭാഗത്തായിട്ടാണ്. എയർപോർട്ടിന്റെ കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റത്തിന് വേണ്ടി ഏറ്റെടുത്ത സ്ഥലത്തിന് ചേർന്ന് കിടക്കുന്നതിനാൽ സുരക്ഷാ ഭീഷണി ഉണ്ടാകുന്ന സാഹചര്യത്തിൽ ആണ് ഈ സ്ഥലം ഏറ്റെടുക്കുന്നത് എന്ന് മുന്നേ സൂചിപ്പിച്ചതാണല്ലോ. ഈ അഞ്ച് പേരുടെയും സ്ഥലവും അതിലുള്ള അവർ ഇപ്പോൾ താമസിച്ചു വരുന്നതുമായ വീടും ഉൾപ്പെടുന്ന സാഹചര്യത്തിൽ അവർക്ക് ആഘാതങ്ങൾ ഉണ്ടാകുന്നുണ്ട്. തൊഴിലിനോ വരുമാനത്തിനോ ആഘാതം ഉണ്ടാകുന്നില്ല.

Mitigation meassures

മുകളിൽ സൂചിപ്പിച്ചതു പോലെ വീട്ടു പറമ്പും ഏറ്റെടുക്കപ്പെടുമ്പോൾ വ്യക്തമായ പുനരധിവാസ പാക്കേജ് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നഷ്ടപരിഹാരം നല്കപ്പെടുമ്പോൾ ആഘാതം ലഘൂകരിക്കാനും പൂർണ്ണമായും ഇല്ലാതാക്കാനും കഴിയും. പ്രത്യേക പാക്കേജ് അനുവദിക്കപ്പെടണം. അവിടെയുള്ള പുരയിടത്തിലെ ചമയങ്ങൾക്കും, വീടിനോട് അനുബന്ധിച്ചുള്ള മതിലുകൾക്കും ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നതോടെ ഇവരുടെ ആഘാതം പരിഹരിക്കാനാകും.

Detailed project description

- **Background of the project, including developer's background and governance/management structure**

ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്നത് വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത വസ്തുവിന് തൊട്ടടുത്ത് നിൽക്കുന്നതും അതിനാൽ തന്നെ സുരക്ഷാ ഭീഷണി ഉണ്ടാകാൻ സാധ്യതയുള്ളതുമായ അഞ്ച് കുടുംബങ്ങൾ താമസിക്കുന്ന വീടും അതുൾക്കൊള്ളുന്ന പറമ്പും ആണ് ഏറ്റെടുക്കുന്നത്. ഇവിടെ പ്രത്യേകം ഡെവലപ്പേഴ്സിന്റെ പശ്ചാത്തലമോ മാനേജ്മെന്റ് ഘടനയോ വിശദീകരിക്കുന്നില്ല.

- **Rationale for project including how the project fits the public purpose criteria listed in the act**

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന വീടുകൾ കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റത്തിന് സമീപം ചേർന്ന് കിടക്കുന്ന ഭൂമിയായതിനാൽ സുരക്ഷാ ഭീഷണി ഉണ്ടാകും എന്ന ആശങ്കയിലാണ് ഏറ്റെടുക്കുന്നത്.

- **Details of project size, location, capacity, output, production targets, costs, risks etc**

ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്നത് പ്രത്യേകം പദ്ധതിക്ക് വേണ്ടി അല്ല എന്ന് മുകളിൽ പരാമർശിച്ചതാണ്. അതിനാൽ പദ്ധതി സംബന്ധിച്ച മറ്റു വിവരങ്ങൾ ഇവിടെ പരാമർശിക്കുന്നില്ല.

EXAMINATION OF ALTERNATIVES

വിമാനത്താവളത്തിലെ കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം നേരത്തെ ഏറ്റെടുത്ത വസ്തുവിന് തൊട്ടടുത്ത് നിൽക്കുന്ന സ്ഥലം ആയതിനാൽ

സുരക്ഷാ ഭീഷണി ഉണ്ടാകാൻ ഇടയുള്ള സാഹചര്യത്തിൽ അതൊഴിവാക്കുന്നതിനു വേണ്ടി ആയതു കൊണ്ട് പകരം ഭൂമി പരിഗണിക്കേണ്ട കാര്യമില്ല.

Phase of Project construction

ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്നത് വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത വസ്തുവിന് തൊട്ടടുത്ത് നിൽക്കുന്നതും അതിനാൽ തന്നെ സുരക്ഷാ ഭീഷണി ഉണ്ടാകാൻ സാധ്യതയുള്ളതുമായ അഞ്ച് കുടുംബങ്ങൾ താമസിക്കുന്ന വീടും അത് ഉൾ ക്കൊള്ളുന്ന പറമ്പും ആണ് ഏറ്റെടുക്കുന്നത്. ഇവിടെ പദ്ധതിയുടെ വിവിധ നിർമ്മാണ ഘട്ടങ്ങൾ പ്രത്യേകം പരാമർശിക്കുന്നില്ല

Core design features and size and type of facility

ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്നത് വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത വസ്തുവിന് തൊട്ടടുത്ത് നിൽക്കുന്നതും അതിനാൽ തന്നെ സുരക്ഷാ ഭീഷണി ഉണ്ടാകാൻ സാധ്യതയുള്ളതുമായ അഞ്ച് കുടുംബങ്ങൾ താമസിക്കുന്ന വീടും അത് ഉൾ ക്കൊള്ളുന്ന പറമ്പും ആണ് ഏറ്റെടുക്കുന്നത്. ഇവിടെ പദ്ധതിയുടെ സവിശേഷതകളോ സൗകര്യങ്ങളോ പ്രത്യേകം പരാമർശിക്കുന്നില്ല.

Need of ancillary infrastructural facilities

വീടും അതിനോട് അനുബന്ധിച്ചുള്ള സ്ഥലവും പൂർണ്ണമായും ഏറ്റെടുക്കുകയും ഇവർക്ക് പുനരധിവാസത്തിനുള്ള സൗകര്യങ്ങൾക്ക് ഉചിതമായ നഷ്ടപരിഹാര പാക്കേജ് ഉണ്ടാകുന്നതിനാൽ പ്രത്യേകം അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ ആവശ്യമായി വരുന്നില്ല.

Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports

ഇല്ല

Applicable law and policies

പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ, പ്രയാസം അനുഭവിക്കാൻ ഇടയുള്ള ഭൂഉടമകൾക്കും, വീടുവച്ചു താമസിക്കുന്നവർക്കും, ന്യായമായ നഷ്ട്പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും ഉള്ള നിയമങ്ങളും പോളിസികളും താഴെ കാണിച്ചിരിക്കുന്നു. വരുമാന നഷ്ടം, തൊഴിൽ നഷ്ടം, ജീവനോപാധികൾക്കും പരിസ്ഥിതിക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതങ്ങൾ എന്നിവയും സംബന്ധിച്ചുമാണ് ഈ നിയമം

RFCTLARR Act 2013

RFCTLARR Rules (Kerala) 2015

RTI Act 2005

G O (MS) NO 485/2015/RD dtd 23/9/15

G O (MS) NO 448/2017/RD dtd 29/12/17

Team composition approach, methodology and schedule of the Social Impact Assessment

വിമാനത്താവളത്തിലെ കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം നേരത്തെ ഏറ്റെടുത്ത വസ്തുവിന് തൊട്ടടുത്ത് നിൽക്കുന്ന സ്ഥലം ആയതിനാൽ സുരക്ഷാ ഭീഷണി ഉണ്ടാകാൻ ഇടയുള്ള സാഹചര്യത്തിൽ അതൊഴിവാക്കുന്നതിനു വേണ്ടി ആണ് ഇവിടെ ഭൂമി ഏറ്റെടുക്കുന്നത്. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ പഴശ്ശി വില്ലേജിലെ മട്ടന്നൂർ ദേശത്തിൽപ്പെടുന്ന ഈ സ്ഥലത്ത് 5 കുടുംബങ്ങൾ താമസിക്കുന്നു.

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിലെ റീസ.8/1A ,8/1C ,എന്നി സർവേ നമ്പറുകളിലെ 29.08 Are (71.85 CENT) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് കണ്ണൂർ ജില്ലാ കളക്ടറുടെ 20.06.2025 ലെ DCKNR /13310/2019-JS(C) നമ്പർ നടപടി ക്രമപ്രകാരം ചുമതല നല്കപ്പെട്ടിരിക്കുന്നത് കയ്റോസ് കണ്ണൂരിനാണ്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 21.06.2025 ലെ 2271 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തതിട്ടുണ്ട്.

List of all team members with qualification

ക്രമ നമ്പർ	പേര്	പദവി	വിദ്യാഭ്യാസ യോഗ്യത
1	ഫാ. ജോർജ് മാത്യു **Ph:9447793430**	ചെയർമാൻ	**BSc Psychology**
2	ഫാ. ഷൈജു പീറ്റർ **ph: 9400371739**	അംഗം	**MSW** **sociologist**
3	ശ്രീ കെ.വി.ചന്ദ്രൻ **ph: 9846871777**	അംഗം	**BA (Eco)** **MA (His)**
4	ശ്രീമതി ജെസ്സി റെജി **ph: 9947584887**	അംഗം	**BA (Mal)** **DCA** (ഡി.ടി.പി.ഓപ്പറേറ്റർ)

Description and rationale for the methodology and tools used to collect information for the social impact assessment

പഠനോപാധികളും പഠനവിഷയങ്ങളും

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽപ്പെടുന്ന പഴശ്ശി അംശം മട്ടന്നൂർ ദേശത്തിലെ 8/1A, 8/1C എന്നീ സർവ്വേ നമ്പറുകളിൽപ്പെടുന്ന 29.08 ആർ (71.85) സെൻറ് സ്ഥലവും അതിലെ അഞ്ച് കുടുംബങ്ങൾ താമസിക്കുന്ന വീടും , കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിനോട് അനുബന്ധിച്ചുള്ള കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം മൂലം ഉണ്ടാകാൻ ഇടയുള്ള സുരക്ഷാ ഭീഷണിയെ തുടർന്ന് ഏറ്റെടുക്കപ്പെടുകയാണ്. പഠനം നടത്തുന്ന സമയത്ത് മട്ടന്നൂർ മുനിസിപ്പൽ ചെയർമാൻ ശ്രീ ഷാജിത്ത് മാസ്റ്റർ , XXVIII ഡിവിഷൻ (മട്ടന്നൂർ) കൗൺസിലർ ശ്രീമതി സുജിത , പഴശ്ശി വില്ലജ് ഓഫീസർ ശ്രീ ബാബുരാജ് , വിമാനത്താവളം നമ്പർ II മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ (എൽ എ) ഓഫീസിലെ ജീവനക്കാർ എന്നിവരുടെ സഹകരണം ലഭിച്ചിരുന്നു. സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് Participatory observation, Rural appraisal, Informal interview with key informants എന്നിങ്ങനെ ഉള്ള ടൂളുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ ഉടമസ്ഥരുമായും വീടുകളിലെ താമസക്കാരുമായും സംസാരിക്കുകയും ഭൂവുടമകളുടെയും മറ്റു തല്പരകക്ഷികളുടെയും കൂടുതൽ നിർദേശങ്ങളും പ്രയാസങ്ങളും പൊതുകേൾക്കൽ യോഗത്തിൽ വച്ചു കേൾക്കുകയും കൂടുതൽ വ്യക്തത വരുത്താനും കഴിയും.

Sampling methodology used

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽപ്പെടുന്ന പഴശ്ശി മട്ടന്നൂർ ദേശത്തിലെ 8/1A, 8/1C എന്നീ സർവ്വേ നമ്പറുകളിൽപ്പെടുന്ന 29.08 ആർ (71.85 സെൻറ്) സ്ഥലം ആണ് ഏറ്റെടുക്കപ്പെടുന്നത്. മട്ടന്നൂർ - വായംതോട്- എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ നടപ്പാതയുടെ ഇടതു ഭാഗത്തും ആയിട്ടാണ് ഈ സ്ഥലങ്ങൾ സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലത്തുള്ള അഞ്ച് കുടുംബങ്ങൾ താമസിക്കുന്ന വീടുകളും വീട്ടുപറമ്പും ആണ് ഏറ്റെടുക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ stake holder analysis, benefeciary assessment എന്നീ ടൂളും ഉപയോഗിച്ചിരുന്നു.

Over view of information/ data sources used

കണ്ണൂർ വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനു സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത വസ്തുവിന് തൊട്ട് നിൽക്കുന്നതും നിലവിൽ

താമസിച്ച് വരുന്ന അഞ്ച് കുടുംബങ്ങൾക്ക് സുരക്ഷാ ഭീഷണി ഉണ്ടാകാൻ ഇടയുണ്ട് എന്ന സാഹചര്യത്തിൽ അവരുടെ ഭൂമി ഏറ്റെടുക്കൽ ആണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ പ്രത്യേക പദ്ധതി ഒന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന് അറിയാൻ കഴിഞ്ഞു.ഈ പ്രദേശത്തു സുരക്ഷാ ഭീഷണിയിൽ അഞ്ച് കുടുംബങ്ങളിലായി താമസിച്ച് വരുന്ന പതിനേഴു പേരുടെ ജീവന് സുരക്ഷ നൽകാനാണ് ഈ സ്ഥലം ഏറ്റെടുപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. മട്ടന്നൂർ - വായംതോട് - എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ നടപ്പാതയുടെ ഇടതു ഭാഗത്തും ആയിട്ടാണ് ഈ സ്ഥലങ്ങൾ സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലത്തുള്ള അഞ്ച് കുടുംബങ്ങൾ താമസിക്കുന്ന വീടുകളും വീട്ടുപറമ്പും ആണ് ഏറ്റെടുക്കപ്പെടുന്നത്. മട്ടന്നൂർ മുനിസിപ്പാലിറ്റി ചെയർമാൻ, ബന്ധപ്പെട്ട ഡിവിഷൻ കൗൺസിലർ, റവന്യൂ ഉദ്യോഗസ്ഥർ, മറ്റു പൊതുപ്രവർത്തകർ എന്നിവരുടെ സഹായ സഹകരണങ്ങൾ ലഭിച്ചിരുന്നു.

Schedule of consultations with key stakeholders and brief description of public hearings conducted

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെടുന്നതും 8/1A ,8/1C എന്നീ സർവ്വേ നമ്പറുകളിൽ പെടുന്നതും മട്ടന്നൂർ - വായംതോട് - എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ നടപ്പാതയുടെ ഇടതു ഭാഗത്തും ആയിട്ടുള്ള 29.08 Are (71.85 സെന്റ്) സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഭൂവുടമകളുടെയും മറ്റുതല്പരകക്ഷികളുടെയും പ്രയാസങ്ങളും നിർദ്ദേശങ്ങളും കേൾക്കുന്നതിനായി ഒരു പൊതു കേൾക്കൽ യോഗം 26-07-2025 തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് കല്ലേരിക്കര എൽ പി സ്കൂൾ ഹാളിൽ വിളിച്ചു ചേർത്തു . ഇത് സംബന്ധിച്ച അറിയിപ്പ് 11-07 2025-ലെ കേരളകൗമുദി,സുപ്രഭാതം എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടു ത്തിയിരുന്നു. കൂടാതെ ഈ നോട്ടീസ് ഭൂവുടമകൾക്ക് രജിസ്റ്റർ തപാലിലും ഇതിന്റെ പകർപ്പ് ജില്ലാ കണ്ണൂർ കലക്ടറുടെ അറിവിലേക്കും അയച്ചിരുന്നു. കൂടാതെ അർത്ഥനാധികാരിയായ മാനേജിങ് ഡയറക്ടർ കിൻഫ്ര തിരുവനന്തപുരം,മട്ടന്നൂർ മുനിസിപ്പൽ ചെയർമാൻ , XXVIII വാർഡ് കൗൺസിലർ, തഹസിൽദാർ (LA) വിമാനത്താവളം മട്ടന്നൂർ , പഴശ്ശി വില്ലജ് ഓഫീസർ എന്നിവർക്കും അയച്ചുകൊടുത്തിരുന്നു .

പൊതു അവകാശവാദ യോഗത്തിന്റെ ഹാജരും നിർദേശത്തിന്റെ

ശരി പകർപ്പും

26.07.2025 ശനിയാഴ്ച രാവിലെ 11 മണിക്ക് കല്ലേരിക്കര എൽ.പി സ്കൂൾ ഹാളിൽ ചേർന്ന പൊതുകേൾക്കൽ യോഗത്തിന്റെ മിനുട്ട്സ്

ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിലെ 8/1A, 8/1C എന്നീ സർവ്വേ നമ്പറുകളിലെ 71.85 സെന്റ് സ്വകാര്യവ്യക്തികളുടെ ഭൂമി,കിയാലിന്റെ കാറ്റഗറി 1 ലൈറ്റിംഗ് പദ്ധതി മൂലം പ്രയാസം അനുഭവിക്കുന്നവരുടെ സുരക്ഷ മുൻനിർത്തി, ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനത്തിന്റെ ഭാഗമായി ഒരു പൊതുകേൾക്കൽ യോഗം 26.07.2025 ശനിയാഴ്ച രാവിലെ 11 മണിക്ക് കല്ലേരിക്കര എൽ.പി സ്കൂൾ ഹാളിൽ ചേർന്നു. യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തുകൊണ്ട് യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ച് സാമൂഹ്യ ആഘാത പഠന യൂണിറ്റ് അംഗം ശ്രീ കെ.വി ചന്ദ്രൻ വിശദീകരിച്ചു. യോഗം മട്ടന്നൂർ ഡിവിഷൻ (XXVIII) കൗൺസിലർ ശ്രീമതി സുജിത ടി ഉദ്ഘാടനം ചെയ്തു, ഭൂവുടമകളുടെ സഹകരണം അഭ്യർത്ഥിച്ചു.

യോഗത്തിലെ ഹാജരും നിർദേശങ്ങളും താഴെ കാണിച്ചിരിക്കുന്നു.

യോഗത്തിൽ ക്രമ നമ്പർ (2) ശ്രീമതി പുഷ്പ മുതൽ ക്രമ നമ്പർ (21) കെ വി ചന്ദ്രൻ വരെ 20 പേർ പങ്കെടുത്തു.

നിർദേശങ്ങൾ

1) ശ്രീ ലിനേഷ് പി വി (തേനമ്പത്ത് ബാലൻ,ഭൂവുടമക്ക് വേണ്ടി മകൻ)

എന്റെ കൈവശാവകാശത്തിലുള്ള 12.50 സെന്റ് ഭൂമിയാണ്, താമസിച്ച് വരുന്ന വീട് ഉൾപ്പെടെ ഏറ്റെടുക്കപ്പെടുന്നത്. 30.10.2021 ൽ എന്റെ ഭൂമിയുടെ അൽപ്പ ഭാഗം കിയാലിനു വേണ്ടി ഏറ്റെടുത്തിരുന്നു. അന്ന് ഒരു സെന്റ് ഭൂമിക്ക് 8.80 ലക്ഷം രൂപ നഷ്ട പരിഹാരമായി നൽകിയിരുന്നു. അന്ന് ഏറ്റെടുത്ത സ്ഥലത്തോട് ചേർന്ന് കിടക്കുന്ന ഭൂമിയാണ് ഇപ്പോൾ ഏറ്റെടുക്കപ്പെടുന്നത്. 2021 ന് ശേഷം ഭൂമിയുടെ വിലയിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതിനാൽ പഴയ പാക്കേജിന്റെ കൂടെ,നിലവിലെ വർദ്ധനവ് പരിഗണിച്ച് 20% വർദ്ധനവ് കൂടി പരിഗണിക്കപ്പെടണം.ഭൂമി വിട്ടു നൽകാൻ തയ്യാറാണ്.

2) എൻ സുരേന്ദ്രൻ (ഭൂഉടമ)

കിയാലിന്റെ ആവശ്യത്തിനായി എന്റെ കൈവശാവകാശത്തിൽപ്പെട്ട 3½സെന്റ് ഭൂമി മുൻപ് ഏറ്റെടുത്തിരുന്നു.അന്ന് റോഡിനു സമീപത്ത് 100മീറ്റർ വരെ സെന്റിന് 8.80 ലക്ഷം പ്രകാരവും. റോഡിൽ നിന്ന് 100 മീറ്റർ മുതൽ 150 മീറ്റർ വരെ അകലെയുള്ള സ്ഥലത്തിന് 8.40 ലക്ഷം രൂപയും മറ്റ് സ്ഥലങ്ങൾക്ക് 8ലക്ഷം രൂപ ക്രമത്തിലുമാണ് അനുവദിക്കപ്പെട്ടിരുന്നത്. വിലയുടെ കാര്യത്തിൽ ക്രമനമ്പർ 1 ന്റെ അതെ അഭിപ്രായം തന്നെയാണ് എനിക്കും. എന്റെ സ്ഥലത്തോട് ചേർന്ന് സഹോദരൻ പ്രദീപന്റെ ഭൂമിയിലുണ്ട്. ഇപ്പോൾ കാണിച്ചിരിക്കുന്ന സ്ഥലങ്ങൾ ഏറ്റെടുക്കപ്പെട്ട് കഴിഞ്ഞാൽ ,അനുജന്റെ സ്ഥലം ഒന്നിനും ഉപകരിക്കില്ല എന്നറിയിക്കുന്നു. അതിനാൽ ആ സ്ഥലം കൂടി ഏറ്റെടുക്കാൻ നടപടിയുണ്ടാകണം.ആദ്യം ഏറ്റെടുത്തതിൽ ബാക്കിയായ 9.44 സെന്റ് ഭൂമി (വീട് അടക്കം) യാണ് ഇപ്പോൾ ഏറ്റെടുക്കപ്പെടുന്നത്.

3) നരിക്കോടൻ പുഷ്പ

എന്റെ കൈവശാവകാശത്തിലുള്ള ഭൂമിയിൽ അൽപ്പ ഭാഗം കിയാലിന്റെ ആവശ്യത്തിനായി മുന്നേ തന്നെ ഏറ്റെടുക്കപ്പെട്ടിരുന്നു.ക്രമ നമ്പർ ഒന്നിന്റെ അഭിപ്രായം തന്നെയാണ് എനിക്കും ഉള്ളത്.

4) മരൂർക്കണ്ടി ബീന

എന്റെ സഹോദരിമാരായ ഉഷയുടെയും മിനിയുടെയും സ്ഥലം കിയാലിനു വേണ്ടി മുന്നേ തന്നെ ഏറ്റെടുത്തിരുന്നു.അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലമാണ് ഇത്. അതിനാൽ ക്രമനമ്പർ ഒന്ന് അഭിപ്രായപ്പെട്ടത് പോലെ, എനിക്ക് സെന്റ് ഒന്നിന് പഴയ വിലയായ 8.80 ലക്ഷം രൂപയും നിലവിലെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവും അടക്കമുള്ള പ്രത്യേക പാക്കേജ് അനുവദിച്ചു തരണം . എന്റെ സഹോദരിമാരായ ഉഷയുടെയും മിനിയുടെയും സ്ഥലം ഏറ്റെടുത്തിരുന്നുവെങ്കിലും രണ്ടുപേരുടെയും കൈവശത്തിൽ 10 സെന്റ് സ്ഥലം കൂടി ബാക്കിയുണ്ട്. ഇവിടെ സ്ഥലം ഏറ്റെടുക്കപ്പെട്ട് കഴിഞ്ഞാൽ, ഈ സ്ഥലം മറ്റൊരു കാര്യത്തിനും പ്രയോജനപ്പെടുകയില്ല .

5) പുതിയേടത്ത് കാർത്ത്യായനി (സ്ഥലം ഉടമ)

എന്റെ കൈവശം ഉള്ള സ്ഥലത്തിന് 1 ¾ സെന്റ് മുന്നേ തന്നെ ഏറ്റെടുക്കപ്പെട്ടിരുന്നു.ഇപ്പോൾ 25 ¼ സെന്റ് സ്ഥലത്തിലുള്ള എന്റെ വീടും പുരയിടവുമാണ് ഏറ്റെടുക്കപ്പെടുന്നത്.എന്റെ സഹോദരൻ ശ്രീധരന്റെ 4 സെന്റ് സ്ഥലം ഇതിനിടയിലായി ഉണ്ട്. ഒന്നാം നമ്പറായി ശ്രീ ലിനേഷ് ബാലൻ അവതരിപ്പിച്ച അഭിപ്രായം തന്നെയാണ് എനിക്കും ഉള്ളത്.

6) ഫാത്തിമ എം പി (നസീറ എം പി യുടെ മകൾ)

എനിക്ക് പറയാനുള്ളത് ഞാൻ ഒരു ഹർജിയായി സമർപ്പിക്കുന്നതാണ്. നസീറയുടെ ഹർജിയിൽ , നസീറയും രണ്ട് പെൺമക്കളും അവരുടെ കുടുംബവും തേനമ്പത്ത് ബാലന്റെ വീടിന്റെ തൊട്ടു താഴെയുള്ള പറമ്പിൽ താമസിക്കുന്നു.സുരക്ഷാ ഭീഷണി മുൻനിർത്തി, എന്റെ സമീപത്തുള്ള സ്ഥലം ഏറ്റെടുക്കുമ്പോൾ,അതെ ഭീഷണി അനുഭവിക്കുന്ന എന്റെ വീടും 11 സെന്റ് സ്ഥലവും ഏറ്റെടുക്കാൻ നടപടിയുണ്ടാകണം.

7) ഫരീദ്

സുരക്ഷാ ഭീഷണി ഉണ്ടാകാനിടയുള്ള സാഹചര്യത്തിൽ എന്റെ അടുത്തുള്ള വീടും പുരയിടവും ഏറ്റെടുക്കപ്പെടുമ്പോൾ, മുകളിൽ 6)ം നമ്പർ അഭിപ്രായപ്പെട്ടതുപോലെ എന്റെ വീടും പുരയിടവും ഏറ്റെടുക്കപ്പെടണം .

ഉണ്ടായിട്ടുണ്ട്. അതിനാൽ പഴയ പാക്കേജിന്റെ കൂടെ,നിലവിലെ വർദ്ധനവ് പരിഗണിച്ച് 20% വർദ്ധനവ് കൂടി പരിഗണിക്കപ്പെടണം.ഭൂമി വിട്ടു നൽകാൻ തയ്യാറാണ്.

8) എൻ സുരേന്ദ്രൻ (ഭൂഉടമ)

കിയാലിന്റെ ആവശ്യത്തിനായി എന്റെ കൈവശാവകാശത്തിൽപ്പെട്ട 3½സെന്റ് ഭൂമി മുൻപ് ഏറ്റെടുത്തിരുന്നു.അന്ന് റോഡിനു സമീപത്ത് 100മീറ്റർ വരെ സെന്റിന് 8.80 ലക്ഷം പ്രകാരവും. റോഡിൽ നിന്ന് 100 മീറ്റർ മുതൽ 150 മീറ്റർ വരെ അകലെയുള്ള സ്ഥലത്തിന് 8.40 ലക്ഷം രൂപയും മറ്റ് സ്ഥലങ്ങൾക്ക് 8ലക്ഷം രൂപ ക്രമത്തിലുമാണ് അനുവദിക്കപ്പെട്ടിരുന്നത്. വിലയുടെ കാര്യത്തിൽ ക്രമനമ്പർ 1 ന്റെ അതെ അഭിപ്രായം തന്നെയാണ് എനിക്കും. എന്റെ സ്ഥലത്തോട് ചേർന്ന് സഹോദരൻ പ്രദീപന്റെ ഭൂമിയിലുണ്ട്. ഇപ്പോൾ കാണിച്ചിരിക്കുന്ന സ്ഥലങ്ങൾ ഏറ്റെടുക്കപ്പെട്ട് കഴിഞ്ഞാൽ ,അനുജന്റെ സ്ഥലം ഒന്നിനും ഉപകരിക്കില്ല എന്നറിയിക്കുന്നു. അതിനാൽ ആ സ്ഥലം കൂടി ഏറ്റെടുക്കാൻ നടപടിയുണ്ടാകണം.ആദ്യം ഏറ്റെടുത്തതിൽ ബാക്കിയായ 9.44 സെന്റ് ഭൂമി (വീട് അടക്കം) യാണ് ഇപ്പോൾ ഏറ്റെടുക്കപ്പെടുന്നത്.

9) നരിക്കോടൻ പുഷ്പ

എന്റെ കൈവശാവകാശത്തിലുള്ള ഭൂമിയിൽ അൽപ്പ ഭാഗം കിയാലിന്റെ ആവശ്യത്തിനായി മുന്നേ തന്നെ ഏറ്റെടുക്കപ്പെട്ടിരുന്നു.ക്രമ നമ്പർ ഒന്നിന്റെ അഭിപ്രായം തന്നെയാണ് എനിക്കും ഉള്ളത്.

10) മരൂർക്കണ്ടി ബീന

എന്റെ സഹോദരിമാരായ ഉഷയുടെയും മിനിയുടെയും സ്ഥലം കിയാലിനു വേണ്ടി മുന്നേ തന്നെ ഏറ്റെടുത്തിരുന്നു.അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലമാണ് ഇത്. അതിനാൽ ക്രമനമ്പർ ഒന്ന് അഭിപ്രായപ്പെട്ടത് പോലെ, എനിക്ക് സെന്റ് ഒന്നിന് പഴയ വിലയായ 8.80 ലക്ഷം രൂപയും നിലവിലെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവും അടക്കമുള്ള പ്രത്യേക പാക്കേജ് അനുവദിച്ചു തരണം . എന്റെ സഹോദരിമാരായ ഉഷയുടെയും മിനിയുടെയും സ്ഥലം ഏറ്റെടുത്തിരുന്നുവെങ്കിലും രണ്ടുപേരുടെയും കൈവശത്തിൽ 10 സെന്റ് സ്ഥലം കൂടി ബാക്കിയുണ്ട്. ഇവിടെ സ്ഥലം ഏറ്റെടുക്കപ്പെട്ട് കഴിഞ്ഞാൽ, ഈ സ്ഥലം മറ്റൊരു കാര്യത്തിനും പ്രയോജനപ്പെടുകയില്ല .

11) ശ്രീധരൻ പുതിയേടത്ത്

പൊതുകേൾക്കൽ യോഗത്തിൽ പങ്കെടുക്കാൻ കഴിയാതെ പോയത് ഞാൻ നെല്ലൂന്നിയിൽ താമസിക്കുന്നത് കൊണ്ടാണ്. പുതിയേടത്ത് കാർത്യായനിയുടെയും തേനമ്പത്ത് ബാലന്റെയും സ്ഥലവും സുരക്ഷാ ഭീഷണി കാരണം ഏറ്റെടുക്കപ്പെടുമ്പോൾ, ഈ സ്ഥലത്തോട് ചേർന്ന് കിടക്കുന്ന തന്റെ 4സെന്റ് സ്ഥലം ഉപയോഗ ശൂന്യമായിപ്പോകും അതിനാൽ ആ സ്ഥലം കൂടി ഏറ്റെടുക്കപ്പെടണം.

12) പുതിയേടത്ത് കാർത്ത്യായനി (സ്ഥലം ഉടമ)

എന്റെ കൈവശം ഉള്ള സ്ഥലത്തിന് 1 ¾ സെന്റ് മുന്നേ തന്നെ ഏറ്റെടുക്കപ്പെട്ടിരുന്നു.ഇപ്പോൾ 25 ¼ സെന്റ് സ്ഥലത്തിലുള്ള എന്റെ വീടും പുരയിടവുമാണ് ഏറ്റെടുക്കപ്പെടുന്നത്.എന്റെ സഹോദരൻ ശ്രീധരന്റെ 4 സെന്റ് സ്ഥലം ഇതിനിടയിലായി ഉണ്ട്. ഒന്നാം നമ്പറായി ശ്രീ ലിനേഷ് ബാലൻ അവതരിപ്പിച്ച അഭിപ്രായം തന്നെയാണ് എനിക്കും ഉള്ളത്.

13) ഫാത്തിമ എം പി (നസീറ എം പി യുടെ മകൾ)

എനിക്ക് പറയാനുള്ളത് ഞാൻ ഒരു ഹർജിയായി സമർപ്പിക്കുന്നതാണ്. നസീറയുടെ ഹർജിയിൽ , നസീറയും രണ്ട് പെൺമക്കളും അവരുടെ കുടുംബവും തേനമ്പത്ത് ബാലന്റെ വീടിന്റെ തൊട്ടു താഴെയുള്ള പറമ്പിൽ താമസിക്കുന്നു.സുരക്ഷാ ഭീഷണി മുൻനിർത്തി, എന്റെ സമീപത്തുള്ള സ്ഥലം ഏറ്റെടുക്കുമ്പോൾ,അതെ ഭീഷണി അനുഭവിക്കുന്ന എന്റെ വീടും 11 സെന്റ് സ്ഥലവും ഏറ്റെടുക്കാൻ നടപടിയുണ്ടാകണം.

14) ഫരീദ്

സുരക്ഷാ ഭീഷണി ഉണ്ടാകാനിടയുള്ള സാഹചര്യത്തിൽ എന്റെ അടുത്തുള്ള വീടും പുരയിടവും ഏറ്റെടുക്കപ്പെടുമ്പോൾ, മുകളിൽ 6)ം നമ്പർ അഭിപ്രായപ്പെട്ടതുപോലെ എന്റെ വീടും പുരയിടവും ഏറ്റെടുക്കപ്പെടണം .

15) ശ്രീധരൻ പുതിയേടത്ത്

പൊതുകേൾക്കൽ യോഗത്തിൽ പങ്കെടുക്കാൻ കഴിയാതെ പോയത് ഞാൻ നെല്ലൂന്നിയിൽ താമസിക്കുന്നത് കൊണ്ടാണ്. പുതിയേടത്ത് കാർത്യായനിയുടെയും തേനമ്പത്ത് ബാലന്റെയും സ്ഥലവും സുരക്ഷാ ഭീഷണി കാരണം ഏറ്റെടുക്കപ്പെടുമ്പോൾ, ഈ സ്ഥലത്തോട് ചേർന്ന് കിടക്കുന്ന തന്റെ 4സെന്റ് സ്ഥലം ഉപയോഗ ശൂന്യമായിപ്പോകും അതിനാൽ ആ സ്ഥലം കൂടി ഏറ്റെടുക്കപ്പെടണം.

പ്രസ്തുത പൊതു കേൾക്കൽ യോഗത്തിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ അർത്ഥനാധികാരിക്ക് അയച്ചുകൊടുത്ത് അഭിപ്രായം സമാഹരിച്ച് താഴെ കാണിച്ചിരിക്കുന്നു.

റഫ് :DCKNR/13310/2019-JS(C)

ജില്ലാ കളക്ടറുടെ കാര്യാലയം ,കണ്ണൂർ
തീയതി : 18-09-2025
ഇ-മെയിൽ : dcknr.ker@nic.in
CRU : cru.dcknr@kerala.gov.in
ഫോൺ നമ്പർ : 0497-2700645

പ്രേഷകൻ
ജില്ലാ കളക്ടർ
കണ്ണൂർ

സ്വീകർത്താവ്,
ചെയർമാൻ,
കെയ്റോസ് , ബർണശ്ശേരി
കണ്ണൂർ

സർ,

വിഷയം :- കണ്ണൂർ വിമാനത്താവളം കാറ്റ് 1 ലൈറ്റിംഗിനു സമീപമുള്ള 5 കുടുംബങ്ങളുടെ 71.85 സെന്റ് ഭൂമി ഏറ്റെടുക്കുന്നത് - സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് സംബന്ധിച്ച്

സൂചന :- 1മാനേജിംഗ് ഡയറക്ടർ കിൻഫ്രയുടെ 16.09.2025 തീയ്യതിയിലെ കത്ത്

****

മേൽ സൂചന ശ്രദ്ധിച്ചാലും. കണ്ണൂർ വിമാനത്താവളം കാറ്റ്-1 ലൈറ്റിംഗിനു സമീപമുളള കുടുംബങ്ങളുടെ 71.85 സെൻ്റ് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിന്മേലുളള കിൻഫ്ര മാനേജിംഗ് ഡയറക്ടറുടെ അഭിപ്രായം സൂചന പ്രകാരം ലഭ്യമായത് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉളളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

DYC(LA),DCKNR
Signed by Aneesh A K
ഡെപ്യൂട്ടി കളക്ടർ(എൽ.എ)
Date: 18-09-2025 14:35:09
ജില്ലാ കളക്ടർക്കുവേണ്ടി

ഉളളടക്കം:: സൂചന കത്ത്

പകർപ്പ് : സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എയർപോർട്ട്

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണം ആയതിനാൽ മാന്വൽ ഒപ്പ് ആവശ്യമില്ല. ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ്

സന്ദർശിക്കാവുന്നതാണ് .

KERALA INDUSTRIAL
INFRASTRUCTURE DEVELOPMENT CORPORATION
(A Statutory Body of Government of Kerala)

kinfra INSPIRING GROWTH

KERALA RANKED No. 1 EASE OF DOING BUSINESS

KIN/VII-59/2025-26/4749 16.09.2025

ജില്ലാ കലക്ടർ
കണ്ണൂർ

സർ,

വിഷയം:-കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം കാറ്റ് 1 ലൈറ്റിംങ് സിസ്റ്റത്തിനോട് ചേർന്ന് കിടക്കുന്ന 5 കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കുന്നത് - സാമൂഹ്യാഘാത പഠന റിപ്പോർട്ട് അർത്ഥനാധികാരിയുടെ അഭിപ്രായം - സംബന്ധിച്ച്.

സൂചന- 1. കണ്ണൂർ ജില്ലാ കലക്ടറുടെ 08.09.2025 ലെ DCKNR/13310/2019-JS(C) നമ്പർ കത്ത്.
2. 26.07.2025 ന് കല്ലേരിക്കര എൽ.പി സ്കൂൾ ഹാളിൽ ചേർന്ന പൊതുകേൾക്കൽ യോഗത്തിന്റെ മിനുട്ട്സ്.

മേൽ സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് കാറ്റ് 1 ലൈറ്റിംങിനു സമീപത്തുള്ള 5 കുടുംബങ്ങളുടെ 71.85 സെന്റ് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള കിൻഫ്രയുടെ അഭിപ്രായം താഴെ കൊടുക്കുന്നു.

I. 26.07.2025 ന് നടന്ന പൊതു കേൾക്കൽ യോഗത്തിന്റെ മിനുട്ട്സിൽ പ്രതിപാദിച്ച ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള കുടുംബങ്ങളുടെ 71.85 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. കണ്ണൂർ വിമാനത്താവളത്തിനോട് അനുബന്ധിച്ചുള്ള കാറ്റഗറി 1 ലൈറ്റിംഗിന് സമീപത്തുള്ള 5 കുടുംബങ്ങളുടെ ഭൂമി വിമാനത്താവള പദ്ധതിക്ക് ആവശ്യമില്ലാത്തതിനാലും സുരക്ഷാ ഭീക്ഷണി മുൻനിർത്തി മാത്രം ഏറ്റെടുക്കുന്നതിനാലും നിലവിലുള്ള RFCTLARR ആക്ട് പ്രകാരം ജില്ല കലക്ടർ നിശ്ചയിക്കുന്ന ഭൂമി വിലയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കുന്നതിന് കിൻഫ്രക്ക് എതിരഭിപ്രായമില്ലെന്ന് അറിയിക്കുന്നു.

II. സൂചന 2 മിനുട്ട്സിലെ ക്രമ നമ്പർ 6 മുതൽ 8 വരെയുള്ളവരുടെ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടില്ലാത്തതാണ്.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ

150 മഹാത്മാവിനെ ഇന്ത്യ ആദരിക്കുന്നു

Kinfra House, 31/2312, Sasthamangalam, Trivandrum-695 010, India. www.kinfra.org
Tel: ++91-471-2726585, Fax: ++91-471-2724773, e-mail: mail@kinfra.org

Land assessment

Describe with the help of maps information from land inventory and primary sources.

ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ഭൂമിയുടെ വിവരം

ക്രമ നമ്പർ	സർവ്വേ നമ്പർ	വിസ്തീർണ്ണം(Are)	വില്ലേജ്	ദേശം
1	8/1A	9.08	പഴശ്ശി	മട്ടന്നൂർ
2	8/1A	4.86	പഴശ്ശി	മട്ടന്നൂർ
3	8/1C	15.14	പഴശ്ശി	മട്ടന്നൂർ

ആകെ – 29.08 Are (71.85 സെന്റ്)

Entire area of impacts under the influence of the project. (not limited to land area for acquisition)

വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് നേരത്തെ തന്നെ ഏറ്റെടുത്ത ഭൂമിക്കു തൊട്ടടുത്ത് നിൽക്കുന്നതും സുരക്ഷാ ഭീഷണി ഉള്ളതുമായ ,ഇരിട്ടി താലൂക്കിലെ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപെടുന്ന റീസ 8/1A , 8/1C ൽ പെടുന്ന അഞ്ച് കുടുംബങ്ങൾ താമസിച്ച് വരുന്ന 29.08 Are (71.85 സെന്റ്) ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്. ഈ പറമ്പുകളിൽ താമസിച്ച് വരുന്നവരുടെ വീടും ഭൂമിയും മൊത്തമായി ഏറ്റെടുക്കപ്പെടുമ്പോൾ ഇവർ പൂർണ്ണമായും പുനരധിവസിക്കപ്പെടേണ്ടതായിട്ടുണ്ട്. വർഷങ്ങളായി താമസിച്ച വരുന്ന വീടും ചുറ്റുപാടും ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ,ഈ ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ഉണ്ടാകാനിടയുള്ള ആഘാതം സ്ഥലത്തിന്റെ വിസ്തൃതിയിൽ ഒതുങ്ങുന്നതല്ല എന്ന് വ്യക്തമാക്കട്ടെ.

Total land required for the project

നേരത്തെ വ്യക്തമാക്കിയത് പോലെ വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് നേരത്തെ തന്നെ ഏറ്റെടുത്ത ഭൂമിക്കു തൊട്ടടുത്ത് നിൽക്കുന്നതും സുരക്ഷാ ഭീഷണി ഉള്ളതുമായ ,ഇരിട്ടി താലൂക്കിലെ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപെടുന്ന റീസ 8/1A , 8/1C ൽ പെടുന്ന അഞ്ച് കുടുംബങ്ങൾ താമസിച്ച് വരുന്ന 29.08 Are (71.85 സെന്റ്) ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്. ഇത് പ്രത്യേകമായി ഒരു പദ്ധതിക്ക് വേണ്ടി അല്ല എന്ന് കൂടി സൂചിപ്പിക്കട്ടെ

• **<u>Present use of any public, utilized land in the vicinity of the project area</u>**

ഇല്ല

• **<u>Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project</u>**

ഈ ഭൂമിയോടു ചേർന്ന് കിടക്കുന്ന അല്പസ്വല്പം സ്ഥലങ്ങൾ കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റത്തിന് വേണ്ടി ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നത് നിലവിൽ താമസിച്ചു വരുന്നവർക്കുള്ള സുരക്ഷാ ഭീഷണി ഒഴിവാക്കുന്നതിന് വേണ്ടി ആണ്.

• **<u>Quantity and location of the land proposed to be acquired for the project</u>**

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെടുന്നതും 8/1A ,8/1C എന്നീ സർവ്വേ നമ്പറുകളിൽ പെടുന്നതും മട്ടന്നൂർ - വായംതോട് – എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലതു ഭാഗത്തായിട്ടുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ നടപ്പാതയുടെ ഇടതു ഭാഗത്തും ആയിട്ടാണ് ഈ സ്ഥലങ്ങൾ സ്ഥിതി ചെയ്യുന്നത്. മൊത്തം ഏറ്റെടുക്കപ്പെടുന്നത് 29.08 ആർ (71.85 സെന്റ്) ഭൂമിയാണ്.

<u>Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses</u>

ഈ പദ്ധതിക്കായി ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലം പറമ്പും പുരയിടത്തിന്റെ ഭാഗവുമാണ് നിറയെ തെങ്ങുകളും ഫലവൃക്ഷങ്ങളും മറ്റു പടുമരങ്ങളും ഉള്ള സ്ഥലമാണിത് . പൊതുവെ കൃഷിഭൂമി അല്ല. ഇതിൽ വീടിനെയും പറമ്പുകളെയും ചുറ്റു മതിലിനെയും ബാധിക്കുന്നു .കൂടാതെ തേനമ്പത്ത് ബാലൻ, എൻ സുരേന്ദ്രൻ ,പുതിയേടത്ത് കാർത്യായനി ,നരിക്കോടൻ പുഷ്പ, മരൂർക്കണ്ടി ബീന എന്നിവർ താമസിച്ച് വരുന്ന വീടുകൾ (5 എണ്ണം) പൂർണ്ണമായും നഷ്ടപ്പെടുന്നു. വീടിനെ സാരമായി ബാധിക്കുന്നു. ഇത് പുരയിടമാണ്. വീടിന്റെ ചുറ്റുപാടുമുള്ള ഭൂമിയായതിനാൽ പച്ചക്കറികളും പഴവർഗങ്ങളും അലങ്കാരച്ചെടികളും കൂടാതെ നേരത്തെ വ്യക്തമാക്കിയത് പോലെ വിവിധ ഇനം ഫല വൃക്ഷങ്ങളും പടുമരങ്ങളും ഉണ്ട്. ഈ മരങ്ങളിൽ കുരുമുളക് വള്ളികൾ വച്ച് പിടിപ്പിച്ചിട്ടുണ്ട് . കൂടാതെ ചില

പറമ്പുകളിൽ ചെറിയ തോതിൽ മഞ്ഞൾ കൃഷിയും നടത്തുന്നുണ്ട്. ഇതൊരു കൃഷി ഭൂമി അല്ലാത്തതിനാൽ അത് സംബന്ധിച്ച പരാമർശം നടത്തുന്നില്ല. ഈ ഭൂമി, സ്ഥലം ഉടമകളുടെ സ്വന്തം ഉടമസ്ഥതയിലും കൈവശത്തിലും ആണ്. പൊതുവെ തുണ്ട് തുണ്ടായ ഭൂമി ആണ്

ക്രമ നം	ഭൂവുടമയുടെ പേര്	വിസ്തീർണ്ണം	സ്വഭാവം
1	തേനമ്പേത്ത് ബാലൻ	12.25	പുരയിടം
2	എൻ സുരേന്ദ്രൻ	9.44	„
3	പുതിയേടത്ത് കാർത്ത്യായനി	25.15	„
4	നരിക്കോടൻ പുഷ്പ	13	„
5	മരൂർക്കണ്ടി ബീന	12	„
	ആകെ	71.85 സെൻറ്	

Land prices and recent changes in ownership, transfer and use of lands over the last 3 years

പഴശ്ശി വില്ലേജിൽ മട്ടന്നൂർ ദേശത്തുള്ള ഈ മേഖലയിലെ സ്ഥലത്തിന് സെൻറ് ഒന്നിനു 7 ലക്ഷം മുതൽ 8.40 ലക്ഷം രൂപ വരെ വില ഉള്ളതായി അറിയാൻ കഴിഞ്ഞു.ഇപ്പോൾ ഏറ്റെടുക്കപ്പെടുന്ന ഉടമകളിൽ ചിലരുടെ സ്ഥലം 8.40 ലക്ഷം രൂപയ്ക്ക് കിയാലിന്റെ ആവശ്യങ്ങൾക്കായി ഏറ്റെടുത്തതായി അന്വേഷണ സമയത്ത് അറിയാൻ കഴിഞ്ഞു. 3 വർഷത്തിനിടയിൽ ഉടമസ്ഥാവകാശത്തിൽ മാറ്റം വന്നിട്ടില്ല എന്നറിയുന്നു.

Estimation and enumeration (where required) of affected families and assets

•Estimation of families

വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് നേരത്തെ തന്നെ ഏറ്റെടുത്ത ഭൂമിക്കു തൊട്ടടുത്ത് നിൽക്കുന്നതും സുരക്ഷാ ഭീഷണി ഉള്ളതുമായ ,ഇരിട്ടി താലൂക്കിലെ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപെടുന്ന റീസ 8/1A , 8/1C ൽ പെടുന്ന അഞ്ച് കുടുംബങ്ങൾ താമസിച്ച് വരുന്ന 71.85 സെന്റ് ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഈ സ്ഥലം ഏറ്റെടുപ്പ് നേരിട്ട് അഞ്ച് കുടുംബങ്ങളെ ബാധിക്കുന്നു .

Families which are directly affected (own land that is proposed to be acquired)

ഇവിടെ സ്ഥലം ഏറ്റെടുക്കുമ്പോൾ നേരിട്ട് ബാധിക്കുന്നത് അഞ്ച് കുടുംബങ്ങളെ ആണ് അവരുടെ പേര് വിവരം താഴെ കാണിച്ചിരിക്കുന്നു.

1	തേനമ്പേത്ത് ബാലൻ
2	എൻ സുരേന്ദ്രൻ
3	പുതിയേടത്ത് കാർത്ത്യായനി
4	നരിക്കോടൻ പുഷ്പ
5	മരൂർക്കണ്ടി ബീന

• **Family of scheduled tribes and other traditional forest dwellers who have lost any of their forest rights.**

ഇല്ല

• **Families which depend on common property resources which will be affected due to acquisition of land for their livelihood**

ഇല്ല

• **Families which have been assigned land by the state government or the central government under any of its schemes and such land is under acquisition**

ഇല്ല

• **Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land**

ഇല്ല

• **Families which are indirectly impacted by the project (not affected directly by the acquisition of own land)**

ഇവിടെ കുടുംബങ്ങളെ ബാധിക്കുന്നത് പ്രത്യക്ഷമായിട്ടാണ്

• Inventory of productive assets and significant lands

നേരത്തെ വ്യക്തമാക്കിയത് പോലെ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെടുന്നതും 8/1A ,8/1C എന്നീ സർവ്വേ നമ്പറുകളിൽ പെടുന്നതും മട്ടന്നൂർ - വായംതോട്- എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും

ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ നടപ്പാതയുടെ ഇടതു ഭാഗത്തും ആയിട്ടുള്ള 29.08 Are (71.85 സെന്റ്) സ്ഥലം പുരയിടത്തിൽപ്പെടുന്നതു ആണ്.

ക്രമ നമ്പർ	സ്ഥലം ഉടമയുടെ പേര്	സ്ഥലം	വസ്തു വിവര പട്ടിക
1	തേനമ്പേത് ബാലൻ	പഴശ്ശി അംശം, മട്ടന്നൂർ ദേശം	3 തെങ്ങ് ചെറുത്, 1 കമുക്, 1പ്ലാവ് , വാഴക്കൂട്ടം, 1 ഇരൂൾ ,കിണർ, പഴയ ഷെഡ്ഡ് , അക്കേഷ്യ 1 , ,കണിക്കൊന്ന 1 , തേക്ക് 3 , മുട്ടപ്പഴം 1 , 1 ലക്ഷ്മിതരു , പാഷൻഫ്രൂട്ട് , ഉപ്പില ,പടുമരം, ചന്ദന മരം, പുളിമരം വലുത് 1 ,കുരുമുളക് വള്ളി രണ്ട് മരത്തിൽ , പത്ത് മീറ്റർ നീളവും അര മീറ്റർ ഉയരവും ഉള്ള മതിൽ
2	എൻ സുരേന്ദ്രൻ	,,	1 മാവ് , 2 മഹാഗണി, 1 കമുക്, 1 പിണംപുളി, വേങ്ങ, കുരുമുളക് വള്ളികൾ (3 മരത്തിൽ) , വീടിന്റെ കിഴക്ക് ഭാഗത്ത് 35 മീറ്റർ നീളം 5 അടി പൊക്കം ഉള്ള മതിൽ, വടക്ക് ഭാഗത്ത് ½ മീറ്റർ പൊക്കത്തിൽ അഞ്ച് മീറ്റർ നീളം ഉള്ള മതിൽ. വീടിന്റെ മുൻഭാഗത്ത് ഇരുവശത്തുമായി 15 മീറ്റർ നീളവും 30 സെന്റി മീറ്റർ ഉയരവും ഉള്ള തുമ്പ് .കിണർ, വീടിന്റെ പിൻഭാഗത്ത് മുൻപേ ഏറ്റെടുത്ത സ്ഥലത്ത് കൂടിപ്പെടുന്ന ഷെഡ്,
3	പുതിയേടത്ത് കാർത്ത്യായനി	,,	3 തെങ്ങ്, 2 മാവ് , 10 മഹാഗണി, 1 കശുമാവു, 7 കമുക്, 6 പ്ലാവ് , 1 പടുമരം, കുരുമുളക് വള്ളികൾ(10 മരത്തിൽ), മഞ്ഞൾ (4 തറ) , കരയം, ഒടിച്ചുകുത്തി നാരകം 1, തേക്ക് 3, 20 മീറ്റർ നീളവും ഒരു മീറ്റർ ഉയരവും ഉള്ള തുമ്പ് ,കിണർ, ഒരു പഴയ ഷെഡ്ഡ്

4	നരിക്കോടൻ പുഷ്പ	,,	3 തെങ്ങ്, 1 കമുക്, 2 പ്ലാവ് , വാഴക്കൂട്ടം, മഞ്ഞൾ (മൂന്നു തറ), 1 ഇരൂൾ , ,കിണർ, കുളിമുറി, പഴയ ഷെഡ്ഡ് ,
5	മരൂർക്കണ്ടി ബീന	,,	7തെങ്ങ്, 4 മാവ് , 3 മഹാഗണി, 1 കശുമാവു, 17 കമുക്, 2പ്ലാവ് , 1പുളി, 8 പടുമരം, 1 പേരയ്ക്ക, ,കുരുമുളക് വള്ളികൾ(മൂന്നു മരത്തിൽ) സപ്പോട്ട 1 , 10 മീറ്റർ നീളവും ഒരു മീറ്റർ ഉയരവും ഉള്ള മതിൽ ,കിണർ, ഒരു പഴയ ഷെഡ്ഡ്

Socio- economic and cultural profile (affected area and resettlement site)

•Demographic details of the population in the project area

നേരത്തെ വ്യക്തമാക്കിയത് പോലെ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെടുന്നതും 8/1A ,8/1C എന്നീ സർവ്വേ നമ്പറുകളിൽ പെടുന്നതും മട്ടന്നൂർ - വായംതോട്- എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ റോഡിൻറെ ഇടതു ഭാഗത്തും ആയിട്ടുള്ള 29.08 Are (71.85 സെന്റ്) സ്ഥലം പുരയിടത്തിൽപ്പെടുന്നതും ആണ്.

ക്രമ നമ്പർ	പേര്	വിവരണം
1	തേനമ്പേത്ത് ബാലൻ	ബാലനോടൊപ്പം ഭാര്യയും മകനും മകളും താമസിക്കുന്നു
2	എൻ സുരേന്ദ്രൻ	സുരേന്ദ്രനോടൊപ്പം ഭാര്യയും മകനും മകന്റെ ഭാര്യയും താമസിക്കുന്നു .
3	പുതിയേടത്ത് കാർത്ത്യായനി	കാർത്യായനിയോടൊപ്പം ഭർത്താവ്,മകൾ,മകളുടെ ഭർത്താവ്, മകളുടെ കുട്ടി
4	നരിക്കോടൻ പുഷ്പ	പുഷ്പ്പയോടൊപ്പം പ്രായമായ അമ്മയും താമസിക്കുന്നു

5	മരൂർക്കണ്ടി ബീന	ബീനയും മകനും താമസിക്കുന്നു

• Income and poverty levels

തൂണേരി ഭാഗത്ത് പൊതുവേ കാർഷിക മേഖലയെ ആശ്രയിക്കുന്നവരാണ്. തൃപ്പങ്ങോട്ടൂർ കടവത്തൂരിൽ പല കുടുംബങ്ങളിലെയും ആൾക്കാർ ഗൾഫ് മേഖലയിൽ ജോലി നോക്കുന്നു സ്വകാര്യ മേഖലയിലും ജോലി നോക്കുന്നവരുണ്ട് പൊതുവേ ദാരിദ്രരേഖയ്ക്ക് താഴെ താമസിക്കുന്നവർ ഇല്ല. ഇവിടെ താമസിക്കുന്നവരിൽ നരിക്കോടൻ പുഷ്പ, എൻ സുരേന്ദ്രൻ, പുതിയേടത്ത് കാർത്ത്യായനി എന്നിവർ ദാരിദ്ര്യ രേഖയ്ക്ക് താഴെ താമസിക്കുന്നവരും ,BPL കാർഡ് ഉടമകളും ആണ്. വീട്ടുപറമ്പിൽ നിന്ന് ലഭിക്കുന്ന ആദായം ആണ് മുഖ്യ വരുമാന മാർഗം. ആദ്യ കാലഘട്ടങ്ങളിൽ കുടുംബനാഥൻമാർ കൂലി പണിക്കു പോയിരുന്നു.

Vulnerable groups

ഇല്ല

• Land use and livelihood

വായംതോട് - പാറപ്പൊയിൽ ഭാഗത്തുള്ളതും ഏറ്റെടുക്കപ്പെടുന്നതുമായ പൊതുവേ സ്ഥലം പുരയിടം വിഭാഗത്തിൽപ്പെടുന്നു. ഈ അഞ്ച് പ്ലോട്ടുകളിലും അഞ്ച് കുടുംബങ്ങൾ താമസിച്ച് വരുന്നുണ്ട് .നേരത്തെ വ്യക്തമാക്കിയത് പോലെ നിലവിലെ പുരയിടത്തിലെ ഫലവൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന ആദായം കൊണ്ടാണ് BPL വിഭാഗത്തിലെ മൂന്നു കുടുംബങ്ങൾ ജീവിച്ച് വരുന്നത്. മറ്റു രണ്ടു കുടുംബങ്ങളിൽ ഉള്ളവർ മറ്റു തൊഴിലുകളിൽ ഏർപ്പെട്ട് അതിന്റെ വരുമാനം കൊണ്ടാണ് ഉപജീവനം കഴിക്കുന്നത്. ഈ ഭൂമിയിൽ പലതരത്തിലുള്ള വൃക്ഷങ്ങളും സുഗന്ധ വ്യഞ്ജനങ്ങളും ആണ് ഉള്ളത്.

Local economic activities

നേരത്തെ വ്യക്തമാക്കിയത് പോലെ ചെറിയ തരത്തിലുള്ള കൂലി പണിയും വീട്ടുപറമ്പിൽ നിന്നും കിട്ടുന്ന ആദായവും ആണ് പ്രധാന വരുമാന മാർഗം. എയർപോർട്ടിന് വേണ്ടി മുൻ കാലഘട്ടങ്ങളിൽ സ്ഥലവും വീടും ഏറ്റെടുത്ത കുടുംബങ്ങളിലെ വ്യക്തികൾ എയർപോർട്ടിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്.

Factors that contribute to local lively hood

എയർപോർട്ട് പൂർണ്ണ സജ്ജമായതോടെ, ഈ ആവശ്യത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കപ്പെട്ട കുടുംബങ്ങളിലെ അർഹരായവർക്ക് എയർ പോർട്ടിൽ തന്നെ ജോലി ലഭിച്ചിട്ടുണ്ട്.അല്ലാത്തവർ വീട്ടുപറമ്പിലുള്ള ആദായത്തിലൂടെ ജീവിത മാർഗം കണ്ടെത്തുന്നു.

• Kinship patterns and social and cultural organisations

ഏറ്റെടുക്കപ്പെടുന്ന സ്ഥലത്ത് ഹിന്ദു മത വിഭാഗത്തിൽപ്പെടുന്നവർ ആണ് താസിച്ചു വരുന്നത്. അഞ്ച് കുടുംബങ്ങളിലും അണുകുടുംബ സംവിധാനം ആണ് ഉള്ളത്.

• Administrative organisations

ഈ പ്രദേശം മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ XXVIII)0 ഡിവിഷൻ ആയ മട്ടന്നൂരിൽ പെടുന്നു.

•Political organizations

INC, CPI(M), IUML, BJP, എന്നീ പാർട്ടികളുടെ സ്വാധീന മേഖലയാണ്.

Community based and civil society organisations

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്തിന്റെ സമീപത്തായി സിവിൽ സൊസൈറ്റി ഓർഗനൈസേഷൻ ഒന്നും ഇല്ല ഏകദേശം ഒരു കിലോമീറ്റർ അകലെയായി കല്ലേരിക്കര LP സ്കൂൾ പ്രവർത്തിക്കുന്നു.

• Regional dynamics and historical change processess

മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ XXVIII)0 വാർഡ് ആയ മട്ടന്നൂരിലെ 'പാറാപൊയിൽ' എന്ന ഭാഗത്താണ് ഈ സ്ഥലം .മുൻപ് ഈ പ്രദേശം മൃഡനൂർ എന്നാണ് അറിയപ്പെട്ടിരുന്നത് . മൃഡൻ എന്നാൽ ശിവൻ എന്നർത്ഥം . ശിവന്റെ ഊരാണ് ഈ സ്ഥലം. പിന്നീട് മട്ടന്നൂർ എന്ന് അറിയപ്പെടാൻ തുടങ്ങി .ഇതു പഴശ്ശി വില്ലേജിൽപ്പെടുന്ന പ്രദേശമാണ് . കേരളം സിംഹം എന്നറിയപ്പെടുന്ന കേരളവർമ പഴശ്ശി രാജാവിന്റെ സ്മ്രിതികൾ ഇന്നും വളരെ സജീവമായി നിൽക്കുന്ന പ്രദേശമാണിത് . 2014 നവംബർ 30 നു നാടിനു സമർപ്പിക്കപ്പെട്ട പഴശ്ശി സ്മൃതി മന്ദിരം , 1903 ൽ നിർമ്മിക്കപ്പെട്ട പഴശ്ശി കോവിലകം എന്നിവ പഴശ്ശി രാജാവിന്റെ ഓർമ്മകൾ നിലനിർത്തുന്നവയാണ് .പഴശ്ശിയുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്ന പുരളിമല ആരംഭിക്കുന്നതും ഈ പ്രദേശത്തുനിന്നാണ് .പഴയ കാലത്തു കൃഷിയും കൂലിപ്പണിയുമായിരുന്നു ഇവിടത്തുകാരുടെ പ്രധാന തൊഴിൽ. എന്നാൽ 2018 ൽ പ്രവർത്തനം ആരംഭിച്ച കണ്ണൂർ അന്തർദ്ദേശീയ വിമാനത്താവളം ഈ പ്രദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റി .കുറേയേറെപ്പേർ വിമാനത്താവളവുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു .കൂടാതെ വിവിധ തരത്തിലുള്ള കച്ചവട സ്ഥാപനങ്ങൾ ,ഹോട്ടലുകൾ എന്നിവയിലും തൊഴിൽ ചെയ്യുന്നു. ഇന്ന് ഈ പ്രദേശം ത്വരിത വികസനത്തിന്റെ പാതയിലാണ്

Quality of the living environment

ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തുള്ള അഞ്ച് കുടുംബങ്ങളിൽ മൂന്നു പേര് BPL വിഭാഗത്തിൽപ്പെട്ടവർ ആണെങ്കിലും ഇവിടുത്തെ ജീവിത സാഹചര്യം പൊതുവെ തൃപ്തികരമാണ്. ആദ്യകാലഘട്ടങ്ങളിൽ കൂലി പണിക്കും മറ്റും പോയിരുന്ന പഴയതലമുറയിലെ ആൾക്കാർ നിലവിൽ വീട്ടുപറമ്പിലെ ഫലവൃക്ഷങ്ങളിലെ ആദായം കൊണ്ട് ജീവിക്കുന്നവർ ആണ്. പുതുതലമുറ വിദ്യാസമ്പന്നരും വിവിധമേഖലകളിൽ ജോലിചെയ്യുന്നവരുമാണ്.

Social impact management plan

Approach to mitigation

വിമാനത്താവളം കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് നേരത്തെ തന്നെ ഏറ്റെടുത്ത ഭൂമിക്കു തൊട്ടടുത്ത് നിൽക്കുന്നതും സുരക്ഷാ ഭീഷണി ഉള്ളതുമായ ,ഇരിട്ടി താലൂക്കിലെ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപെടുന്ന റീസ 8/1A , 8/1C ൽ പെടുന്ന അഞ്ച് കുടുംബങ്ങൾ താമസിച്ച് വരുന്ന 71.85 സെന്റ് ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഈ സ്ഥലം ഏറ്റെടുപ്പ് നേരിട്ട് അഞ്ച് കുടുംബങ്ങളെ ബാധിക്കുന്നു

നേരത്തെ വ്യക്തമാക്കിയത് പോലെ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെടുന്നതും 8/1A ,8/1C എന്നീ സർവ്വേ നമ്പറുകളിൽ പെടുന്നതും മട്ടന്നൂർ -വായംതോട്- എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ റോഡിൻറെ ഇടതു ഭാഗത്തും ആയിട്ടുള്ള 29.08 Are (71.85 സെന്റ്) സ്ഥലം പുരയിടത്തിൽപ്പെടുന്നതും ആണ്.

ഇവിടെ വ്യക്തമാക്കിയ അഞ്ച് കുടുംബങ്ങൾ കുടുംബസമേതം താമസിച്ച് വരുന്ന വീടും വീട്ടുപറമ്പും ആണ് ഏറ്റെടുക്കപ്പെടാൻ പോകുന്നത്.ഇവരിൽ ചിലരുടെ വീട്ടുപറമ്പിലെ അല്പഭാഗങ്ങൾ കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടു ഏറ്റെടുക്കപ്പെട്ടിരുന്നു.ഇപ്പോൾ മുഴുവനായും ഏറ്റെടുക്കപ്പെടുമ്പോൾ പുനഃസ്ഥാപനവും പുനരധിവാസവും ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്.കുടുംബത്തിലെ അംഗങ്ങളുമായി സംസാരിച്ചപ്പോൾ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും ഉതകുന്ന രീതിയിലുള്ള മികച്ച പാക്കേജ് ലഭിക്കുകയാണെങ്കിൽ ഈ സ്ഥലം ഏറ്റെടുപ്പുമായി പൂർണ്ണമായി സഹകരിക്കാൻ തയ്യാറാണ്.

Measures to avoid, mitigate and compensate impact

കണ്ണൂർ വിമാനത്താവളത്തിലെ കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റത്തിനായി ഈ ഭാഗത്തെ ഭൂമി നേരത്തെ തന്നെ സർക്കാർ ഏറ്റെടുത്ത് കൈമാറിയിരുന്നു. ഈ സിസ്റ്റം പൂർണ്ണമായും പ്രവർത്തനക്ഷേമമാകുമ്പോൾ ഉണ്ടാകാൻ ഇടയുള്ള സുരക്ഷാ ഭീഷണിയെ തുടർന്ന് ആണ് ഈ കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്നത്.വർഷങ്ങളായി താമസിച്ച് വരുന്ന വീടും വീട്ടുപറമ്പും ഉപേക്ഷിക്കാൻ വൈകാരികമായി പ്രയാസങ്ങൾ ഉണ്ടെങ്കിലും ഭാവിയിൽ

ഉണ്ടാകാൻ ഇടയുള്ള സുരക്ഷാ ഭീഷണിയിൽ നിന്നും മാറി സുരക്ഷിതമായ സ്ഥലത്തേക്ക് പുനരധിവസിപ്പിക്കപ്പെടുന്നതിനു അനുയോജ്യമായ നല്ല ഒരു സ്പെഷ്യൽ പാക്കേജ് അനുവദിക്കപ്പെടുമ്പോൾ ഇവിടെ നിന്നും മാറിപ്പോകാൻ ഈ കുടുംബങ്ങൾ സന്നദ്ധരാണ്.

നിലവിൽ ഈ പദ്ധതിക്കായി ഏറ്റെടുക്കപ്പെട്ട സ്ഥലത്തിന് സമീപത്തുള്ള കുടുംബങ്ങളുടെ ഭൂമി ആണ് സുരക്ഷാ ഭീഷണിയെ തുടർന്ന് ഏറ്റെടുക്കപ്പെടുന്നത്.ഓരോ കുടുംബത്തിന്റെയും ഭൗതിക സാഹചര്യങ്ങൾ വ്യത്യസ്തങ്ങൾ ആണ്. അതുപോലെ തന്നെ അവരുടെ പറമ്പിൽ നിന്നും ലഭിക്കുന്ന ആദായങ്ങളുടെ തോതും വ്യത്യസ്തമാണ്.

ഓരോ കുടുംബത്തിന്റെയും പറമ്പിലുള്ള അധിക നിർമ്മിതികൾക്കും മറ്റും ആനുപാതികമായി യുക്തമായ നഷ്ടപരിഹാര,പുനരധിവാസ പാക്കേജുകൾ നൽകപ്പെട്ടത് ഇവരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും ആഘാതങ്ങളും പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയും.

നിലവിലുള്ള കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ സമീപത്തുള്ള താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് ഉണ്ടാകാൻ ഇടയുള്ള സുരക്ഷാ ഭീഷണി ഒഴിവാക്കുന്നതിനാണല്ലോ ഈ ഭൂമി ഏറ്റെടുക്കുന്നത്. സുരക്ഷാ ഭീഷണി ഉണ്ടാകാൻ ഇടയുള്ള പ്രദേശം ആണ് എന്നതിനാൽ ഇപ്പോൾ താമസിച്ചു വരുന്ന കുടുംബങ്ങളുടെ സ്ഥലത്തിന് പകരമായി മറ്റു സ്ഥലം പരിഗണിക്കാൻ നിർവ്വാഹമില്ലല്ലോ?

സാമ്പത്തിക നടപടികൾ

നേരത്തെ സൂചിപ്പിച്ചതുപോലെ പുരയിടത്തിനോട് അനുബന്ധിച്ച് ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ വീട്ടുപറമ്പിന്റെ സംരക്ഷണ മതിലും ഗേറ്റും നഷ്ടപ്പെടുന്നവർക്ക് കൃത്യമായ നഷ്ടപരിഹാരം നൽകപ്പെടാനും അതുപോലെതന്നെ ശുദ്ധജല സ്രോതസായ കിണറുള്ള സ്ഥലം ഏറ്റെടുക്കുമ്പോൾ ശുദ്ധജല ലഭ്യതയുള്ള പുതിയ കിണർ കുഴിക്കാൻ പ്രത്യേകം പാക്കേജ് അനുവദിക്കാവുന്നതാണ്. ഇവിടെ സ്ഥലം ഏറ്റെടുക്കപ്പെടുന്നത് കൊണ്ട് ഒരു തരത്തിലുള്ള സ്ഥാപനത്തിനോ ആരുടെയെങ്കിലും തൊഴിലിനെയോ ബാധിക്കാത്തത് കൊണ്ട് തന്നെ അത്തരത്തിലുള്ള നഷ്ടപരിഹാരം ആവശ്യമായി വരുന്നില്ല.

പാരിസ്ഥിതിക നടപടി

ഈ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കപ്പെടുമ്പോൾ ഒരു തരത്തിലുള്ള പാരിസ്ഥിതിക ആഘാതവും ഉണ്ടാകുന്നില്ല . അതിനാൽ പ്രത്യേക നടപടികൾ ആവശ്യമില്ല.

Measures that are included in the terms of rehabilitation and resettlement and compensation as outlined in the act

ഇവിടെ സ്ഥലം ഏറ്റെടുക്കുമ്പോൾ വീട്ടുപറമ്പിന്റെ ഭാഗവും വീടും നഷ്ട്ടപ്പെടാനിടയുള്ളതുകൊണ്ട് 2013 ലെയും 2015ലെയും RFCTLARR ACT നും ചട്ടങ്ങൾക്കും 23.09.2015 ലെ GO(MS)no.485/2015/RD , 29.12.2017 ലെ G.O.(MS) 448/2017/RD,

അനുസരിച്ചുള്ള പുനരധിവാസ പാക്കേജ് നൽകി ഇവരുടെ പ്രയാസങ്ങൾ ഒഴിവാക്കാൻ സാധിക്കും. ഇവിടെയുള്ള താമസക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പൂർണ്ണമായും സഹകരിക്കാൻ തയ്യാറാകുന്ന അവസ്ഥയാണ് ഉള്ളത്. ഈ പദ്ധതി പ്രദേശത്തുള്ളവരിൽ ചിലരുടെ സ്ഥലം ആദ്യഘട്ടത്തിൽ ഭാഗികമായും ഏറ്റെടുത്തത് കൊണ്ട് തന്നെ സ്ഥലത്തിന് കിട്ടാനുള്ള വിലയെ സംബന്ധിച്ച് ഒരു ഏകദേശ ധാരണ ഇവർക്കുണ്ട്.

Measures that the requiring body has stated it will introduce in the project proposal

ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്നത് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് അല്ല എന്നും നിലവിലുള്ള ഒരു പദ്ധതി പൂർണ്ണമായും പ്രവർത്തന ക്ഷമമാകുമ്പോൾ തൊട്ടടുത്ത് തന്നെ കുടുംബസമേതം താമസിക്കുന്നവർക്ക് ഉണ്ടാകാനിടയുള്ള സുരക്ഷാ ഭീഷണി ഒഴിവാക്കി സ്വസ്ഥതയും സമാധാനവും ഉള്ള ഭാവി ജീവിതം നൽകുന്നതിനാണ് സ്ഥലം ഏറ്റെടുക്കുന്നത്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിക്കും ആ ഭൂമിയിലെ കെട്ടിടങ്ങൾ, ചുറ്റുമതിലുകൾ, പുനരധിവാസം, എന്നിവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം തുക വകയിരുത്തേണ്ടതാണ്.പ്രത്യേകം പ്രൊജക്റ്റ് പ്രൊപോസൽ തയ്യാറാകാക്കപ്പെടാത്തതിനാൽ അത് സംബന്ധിച്ച നടപടികൾ ഒന്നും തന്നെ പരാമർശിക്കപ്പെട്ടിട്ടില്ല.

Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process

ഈ സ്ഥലം ഏറ്റെടുപ്പ് സാരമായ ആഘാതങ്ങൾ ഉണ്ടാക്കുന്നില്ല.ഇവിടുത്തെ സ്ഥലം ഉടമകൾ ഈ പദ്ധതിക്കായി സ്ഥലം ന്യായമായ നഷ്ടപരിഹാരത്തിന് വിട്ടു നല്കാൻ തയ്യാറാണെന്ന് അറിയാൻ കഴിഞ്ഞു. ഇവിടെ സ്ഥലം എടുക്കുന്നത് പ്രത്യേകം ഒരു പദ്ധതിക്ക് വേണ്ടി അല്ല എന്ന് നേരത്തെ വ്യക്തമാക്കി കഴിഞ്ഞതാണ്. അതുകൊണ്ട് തന്നെ സാമൂഹിക ആഘാതം നിർണ്ണയിക്കപെടുമ്പോൾ പദ്ധതി ഡിസൈനിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ചും ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കുന്നതിനായി അധിക നടപടികളോ പ്രത്യേകം പരാമർശിക്കുന്നില്ല.

Detailed mitigation plan

നിലവിലുള്ള കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ സമീപത്തു താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് ഉണ്ടാകാൻ ഇടയുള്ള സുരക്ഷാ ഭീഷണി ഒഴിവാക്കുന്നതിനാണല്ലോ ഈ ഭൂമി ഏറ്റെടുക്കുന്നത്. നേരത്തെ വ്യക്തമാക്കിയത് പോലെ

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെടുന്നതും 8/1A ,8/1C എന്നീ സർവ്വേ നമ്പറുകളിൽ പെടുന്നതും മട്ടന്നൂർ - വായംതോട്- എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ റോഡിൻറെ ഇടതു ഭാഗത്തും ആയിട്ടുള്ള 29.08 Are (71.85 സെന്റ്) സ്ഥലം പുരയിടത്തിൽപ്പെടുന്നതും ആണ്.

മേൽ വ്യക്തമാക്കപ്പെട്ട അഞ്ച് കുടുംബങ്ങളുടെ വീടും വീടിനോട് ചേർന്ന പുരയിടവും ആണ് ഏറ്റെടുക്കപ്പെടുന്നത്.ഈ പറമ്പിലെ ഫലവൃക്ഷങ്ങളിൽ നിന്നും ഉള്ള ആദായം ഒരു പരിധി വരെ ഇവരുടെ ജീവിത മാർഗം തന്നെ ആണ്. സുരക്ഷാ ഭീഷണി ഒഴിവാക്കപ്പെടുന്നതിനും സമാധാന പൂർണ്ണമായ ഒരു ഭാവി ജീവിതം നയിക്കുവാൻ സാഹചര്യം ഒരുക്കുന്നതിനും വേണ്ടി ആണ് ഭൂമി ഏറ്റെടുക്കപ്പെടുന്നത് എന്ന് ഇവിടെ താമസിക്കുന്ന വീട്ടുകാർക്ക് നന്നായിട്ട് അറിയാവുന്നതാണ്.

മാത്രവുമല്ല ഈ പദ്ധതിക്കായി ഇവരിൽ ചിലരുടെ സ്ഥലം മുന്നേ ഏറ്റെടുത്തു കഴിഞ്ഞതുമാണല്ലോ

അതിനാൽ തന്നെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും ഉതകുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജും വിമാനത്താവള അധികൃതർ മുൻകാലങ്ങളിൽ ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ചെയ്തത് പോലെ ഈ കുടുംബങ്ങളിലെ വിദ്യാസമ്പന്നരായ ഒരു അംഗത്തിന് യോഗ്യതയ്ക്ക് അനുസൃതമായി ജോലി നൽകുകയും നിലവിലുള്ള നിയമത്തിനും ചട്ടത്തിനും അനുസൃതമായി നഷ്ടപരിഹാരം നൽകപ്പെടുകയും ചെയ്യുമ്പോൾ തന്നെ ഉടമകളുടെ പ്രയാസം ഇല്ലാതാക്കാൻ കഴിയും .

SIMP- Institutional framework

Description of institutional structures and key person responsible for each mitigation measures

RFCTLARR ആക്ട് പ്രകാരം ചുമതലപ്പെട്ട റെവന്യൂ ഉദ്യോഗസ്ഥർ

Specify role of NGO’s etc, if involved

ഇല്ല

Indicate capacities required and capacity building plan, including technical assistance, if any

നിലവിലുള്ള കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ സമീപത്തുള്ള താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് ഉണ്ടാകാൻ ഇടയുള്ള സുരക്ഷാ ഭീഷണി ഒഴിവാക്കുന്നതിനാണല്ലോ ഈ ഭൂമി ഏറ്റെടുക്കുന്നത്.

ഒരു പ്രത്യേകം പദ്ധതിക്ക് വേണ്ടി അല്ലാത്തതിനാൽ ഈ സാങ്കേതിക കാര്യങ്ങൾ വിശദീകരിക്കുന്നില്ല.

Timelines for each activity

കൃത്യമായ ഒരു സമയ പരിധി വച്ചിട്ടില്ല.

Social impact management plan Budget and financing of mitigation

Cost of all resettlement and rehabilitation costs

ഭൂമി ഏറ്റെടുക്കുന്നതിനായി 4.32 കോടി രൂപ ബജറ്റ് അലോക്കേഷൻ ആൻഡ് മോണിറ്ററിങ് സിസ്റ്റം മുഖാന്തിരം 61BA13 എന്ന SCO CODE ൽ 23.05.2025 ൽ നീക്കിവച്ചിട്ടുണ്ട്. കൂടാതെ വീട് നഷ്ട്ടപ്പെടുന്ന കുടുംബങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് (കെട്ടിടങ്ങൾ വിഭാഗം) മൂല്യ നിർണ്ണയം നടത്തി നിശ്ചയിക്കപ്പെടുന്ന തുക കൂടി വിനിയോഗിക്കപ്പെടേണ്ടിയിരിക്കുന്നു.

Annual budget and plan of action

2024-2025 വർഷത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി അനുവദിക്കപ്പെട്ട തുക പ്രസ്തുത വർഷത്തിൽ അവശേഷിക്കുന്ന സമയ ക്രമത്തിനുള്ളിൽ വിനിയോഗിക്കാൻ സാധിക്കുകയില്ല എന്ന സാഹചര്യത്തിൽ പ്രസ്തുത തുക 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ ഘട്ടത്തിൽ വിനിയോഗിക്കാനായി 16.06.2025 ലെ സ.ഉ (സാധാ) നം 4442/2025 ധന ഉത്തരവ് പ്രകാരം അധിക ധനാനുമതി ആയിട്ടുണ്ട്.

Funding sources with breakup

ഭൂമി ഏറ്റെടുക്കുന്നതിനായി മേൽ കാണിച്ച തുക (4.32 കോടി) 7053-02-190-97-00-00-00-P-V(LOANS FOR LAND ACQUISITION FOR KANNUR INTERNATIONAL AIRPORT LIMITED (KIAL) എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കാൻ ഉള്ള അനുമതി 22.05.2025 ലെ സ.ഉ (സാധാ) നം 237/2025/TRANS പ്രകാരം ജില്ലാ കളക്ടർക്ക് നല്കപ്പെട്ടിട്ടുണ്ട്

SIMP- Monitoring and evaluation

Key monitoring and evaluative indicators

സാമൂഹ്യ ആഘാത ലഘൂകരണത്തിനായി കേരള സർക്കാരിന് വേണ്ടി പദ്ധതി നിർവ്വണം നടത്തുന്ന KINFRA , ജില്ലാ ഭരണകൂടവുമായി ചേർന്ന് RFCTLARR ACT 2013 , RFCTLARR ACT(KERALA)

2015 Rule എന്നിവയ്ക്ക് അനുസൃതമായി ഭൂമി ഏറ്റെടുക്കപ്പെടുന്ന കുടുംബത്തിന് നൽകാനുള്ള ന്യായമായ നഷ്ടപരിഹാരം സമയബന്ധിതമായി കൊടുത്ത് തീർക്കുക

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ അഞ്ച് കുടുംബങ്ങൾക്ക് സ്വന്തം നിലയിൽ സ്ഥലം വാങ്ങി വീട് വെക്കാൻ സാധിക്കാത്ത ഒരു സാഹചര്യം സംജാതമാകുകയാണെങ്കിൽ പുനരധിവാസമോ പുനഃസ്ഥാപനമോ ആവശ്യമായി വരുന്ന പക്ഷം അതിനനുസൃതമായ നടപടികൾ സ്വീകരിക്കുക.

Reporting mechanisms and monitoring roles

ഇത് നേരത്തെ സൂചിപ്പിച്ചതു പോലെ RFCTLARR ACT 2013 നും RFCTLARR ACT(Kerala) 2015 Rules നും2015 ലെ GO (MS) നം 485/2015/RD ക്ക് അനുസൃതമായി.

Plan for independent evaluation

ആവശ്യമായി വരുന്നില്ല

Analysis of costs and benefits and recommendation on acquisition

Final conclusions on:

Assessment of public purpose

കണ്ണൂർ വിമാനത്താവളം കാറ്റഗറി ഒന്ന് ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനു സർക്കാർ ഉത്തരവ് പ്രകാരം ഏറ്റെടുത്ത വസ്തുവിന് തൊട്ട് നിൽക്കുന്നതും നിലവിൽ താമസിച്ച് വരുന്ന അഞ്ച് കുടുംബങ്ങൾക്ക് സുരക്ഷാ ഭീഷണി ഉണ്ടാകാൻ ഇടയുണ്ട് എന്ന സാഹചര്യത്തിൽ അവരുടെ ഭൂമി ഏറ്റെടുക്കൽ ആണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ പ്രത്യേക പദ്ധതി ഒന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന് അറിയാൻ കഴിഞ്ഞു. ഈ പ്രദേശത്തു സുരക്ഷാ ഭീഷണിയിൽ അഞ്ച് കുടുംബങ്ങളിലായി താമസിച്ച് വരുന്ന പതിനേഴു പേരുടെ ജീവന് സുരക്ഷ നൽകാനാണ് ഈ സ്ഥലം ഏറ്റെടുപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളത് മൗലികാവകാശങ്ങളിൽ തന്നെ വ്യക്തമാക്കപ്പെട്ടതും അതുകൊണ്ട് തന്നെ സർക്കാരിന്റെ ഉത്തരവാദിത്തം കൂടി ആയതിനാൽ ഈ ഭൂമി ഏറ്റെടുക്കൽ പൊതു ആവശ്യം തന്നെ ആണ്

Less displacing alternatives

ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്നത് വിമാനത്താവളം കാറ്റഗറി ഒന്ന് ലൈറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനായി ഏറ്റെടുത്ത വസ്തുവിന് തൊട്ടടുത്ത് താമസിക്കുന്ന കുടുംബങ്ങളുടേതാണ്. ഇവർക്ക് സുരക്ഷാ ഭീഷണി ഉള്ളതുകൊണ്ടാണ് ഈ സ്ഥലം ഏറ്റെടുക്കുന്നത്.അതിനാൽ തന്നെ പകരം സ്ഥലം എന്നുള്ളത് പ്രായോഗികമല്ല .

Minimum requirements of land

ഒരു പ്രത്യേകം പദ്ധതിക്ക് വേണ്ടി അല്ല സ്ഥലം ഏറ്റെടുക്കുന്നത് എന്നും നിലവിലെ കാറ്റഗറി ഒന്ന് ലൈറ്റിംഗ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ ഉണ്ടാകാൻ ഇടയുള്ള സുരക്ഷാ ഭീഷണിയിൽ നിന്നും അഞ്ച് കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടി ആണ് അവർ ഇപ്പോൾ താമസിച്ചു വരുന്ന വീടും അതോടു ചേർന്ന പുരയിടവും ഏറ്റെടുക്കുന്നത്. അതുകൊണ്ട് തന്നെ ഏറ്റെടുക്കപ്പെടുന്ന സ്ഥല വിസ്തൃതി നിജപ്പെടുത്തേണ്ട കാര്യമില്ല .

Nature and intensity of social impacts

ഇവിടെ കാറ്റഗറി ഒന്ന് ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് വേണ്ടി ആദ്യം ഏറ്റെടുത്ത സ്ഥലത്തിന് സമീപത്തുള്ള കുടുംബങ്ങളുടെ ഭൂമി,ഭാവിയിൽ ഉണ്ടാകാൻ ഇടയുള്ള ഭീഷണി ഒഴിവാക്കുന്നതിന് വേണ്ടി ആണ്, ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.ഇവരിൽ പലരുടെയും ഭൂമിയുടെ ചെറിയ ഭാഗം മുൻപേ തന്നെ ഏറ്റെടുക്കപ്പെട്ടിരുന്നു.ഇപ്പോൾ ഈ അഞ്ച് കുടുംബങ്ങളും വർഷങ്ങളായി താമസിച്ചു വരുന്ന വീടും ആ വീട് നിലനിൽക്കുന്ന പുരയിടവും ആണ് ഏറ്റെടുക്കപ്പെടുന്നത്. ഈ പറമ്പിൽ വീടിനോട് അനുബന്ധിച്ചുള്ള കിണർ, കുളിമുറി,വിറകു മറ്റു ആക്രി സാധനങ്ങൾ സൂക്ഷിച്ചു വരുന്ന ഷെഡ്,വീട്ടുമതിൽ,മുറ്റത്തുള്ള തുമ്പ്,ഫല വൃക്ഷങ്ങൾ,സുഗന്ധ വ്യഞ്ജന വിഭാഗത്തിൽപ്പെടുന്ന കുരുമുളക്,മഞ്ഞൾ എന്നിവ ഈ പറമ്പുകളിൽ ഉണ്ട്.

വർഷങ്ങളായി താമസിച്ചു വരുന്ന വീടിനോടും പറമ്പിനോടും ഉള്ള വൈകാരിക ബന്ധം ഉണ്ടെങ്കിലും സുരക്ഷാ ഭീഷണിയിൽ നിന്നും അകന്നു സ്വസ്ഥമായി ജീവിക്കുവാൻ ഈ കുടുംബങ്ങൾ ആഗ്രഹിക്കുന്നുണ്ട്. അതിനാൽ തന്നെ ഏറ്റവും മികച്ച പുനരധിവാസ പാക്കേജ് ഇവർ പ്രതീക്ഷിക്കുന്നു.ഇവിടുന്ന് ലഭിക്കുന്ന നഷ്ടപരിഹാര തുക ഉപയോഗിച്ച് പുതിയ സ്ഥലം വാങ്ങി വീട് വയ്ക്കാൻ പ്രയാസം ഉണ്ടാകുന്ന സാഹചര്യം സംജാതമാകുമാകയാണെങ്കിൽ ഇവർക്കു പുനരധിവാസ പുനഃസ്ഥാപന സൗകര്യം ലഭ്യമാക്കപ്പെടേണ്ടതുണ്ട്. ഈ സ്ഥലം ഏറ്റെടുപ്പിന്റെ ഗൗരവ സ്വഭാവം വ്യക്തമായി മനസിലാക്കുന്ന ഭൂവുടമകൾ/താമസക്കാർ ഭൂമി വിട്ടു നൽകാൻ പൂർണ്ണമായും തയ്യാറാണ്.

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഇരുഭാഗത്തും പൊതു സ്ഥാപനങ്ങളോ, ഈ പ്രദേശത്തെ ആശ്രയിച്ച് തൊഴിലെടുക്കുന്നവരോ ഇല്ല. അതുപോലെതന്നെ പരിസ്ഥിതിക്ക് യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല എന്നതും എടുത്തു പറയേണ്ട കാര്യം തന്നെയാണ്. പൊതുവേ നോക്കുമ്പോൾ നിയമാനുസൃതമുള്ള നഷ്ടപരിഹാരവും പ്രത്യേക പാക്കേജും ലഭിച്ചാൽ മൊത്തത്തിലുള്ള ആഘാതത്തിന്റെ തീവ്രത ഇല്ലാതാക്കാനും പൂർണ്ണമായും ഒഴിവാക്കാനും കഴിയുന്നു

viable mitigation measures and the extent to which mitigation measures will address costs.

ഇവിടെ ആഘാത ലഘൂകരണത്തിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് മുൻപേ തന്നെ വിശദീകരിച്ചിട്ടുണ്ട് . ഈ അഞ്ച് കുടുംബങ്ങളുടെ വീടും പുരയിടവും ഏറ്റെടുക്കുന്നതിനുമായി സ്ഥലത്തിന് മാത്രമായി 4.32 കോടി രൂപയും വീടുകൾ നിയമാനുസൃതമായ മൂല്യം കണക്കാക്കി അതിനു അനുസരിച്ച തുകയും ചെലവഴിക്കുമ്പോൾ, കാറ്റഗറി ഒന്ന് ലൈറ്റ് സിസ്റ്റത്തിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാകുന്നത് കൂടാതെ അഞ്ച് കുടുംബങ്ങളിലായി താമസിക്കുന്ന പതിനേഴു പേർക്ക് സുരക്ഷാ ഭീഷണി ഇല്ലാതെ ജീവിക്കാൻ സാധിക്കുന്നു എന്നത് ഈ സ്ഥലം ഏറ്റെടുപ്പിന്റെ നേട്ടമായി കണക്കാക്കാം. കുടുംബങ്ങൾ താമസിക്കുന്ന വീട്, അതിന്റെ നിർമ്മിതികളുടെ പുനർനിർമ്മിതിക്കും (മതിലുകൾ) പറമ്പിലെ ചമയങ്ങൾക്കും, പുനരധിവാസ പ്രക്രിയയ്ക്കും മറ്റുമായി ഏറെ പണം ചെലവഴിക്കപ്പെടേണ്ടിവരുന്നു . അതിനാൽ തന്നെ ആഘാത ലഘൂകരണ നടപടികളും അതിനായി ചെലവഴിക്കപ്പെടുന്ന തുകയും 17 പേർക്ക് സമാധാനപരമായി ജീവിക്കാൻ ഉള്ള സാഹചര്യം ഒരുക്കപ്പെടുന്നത് കൊണ്ട് തന്നെ ദീർഘകാല കാഴ്ചപ്പാടിൽ ഏറെ നേട്ടം നൽകുന്ന തരത്തിൽ ഉള്ള സ്ഥലം ഏറ്റെടുപ്പ് തന്നെ ആയിരിക്കും.

The above analysis will use the equity principle as a framework of analysis for presenting a final recommendation on whether the acquisition should go through or not

നേരത്തെ വ്യക്തമാക്കിയത് പോലെ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെടുന്നതും 8/1A ,8/1C എന്നീ സർവ്വേ നമ്പറുകളിൽ പെടുന്നതും മട്ടന്നൂർ - വായംതോട്- എയർപോർട്ട് റോഡിൽ ഏകദേശം 800 mtr അകലെയായി വലത് ഭാഗത്തായുള്ള കോൺക്രീറ്റ് റോഡിൻറെ ഇടത് വശത്തായും ഇതേ റോഡിൻറെ തുടർച്ചയായി ഏകദേശം അൻപത് മീറ്റർ അകലെ വലത് ഭാഗത്തുള്ള കല്ല് പാകിയ റോഡിൻറെ ഇടതു ഭാഗത്തും ആയിട്ടുള്ള 29.08 Are (71.85 സെന്റ്) സ്ഥലം പുരയിടത്തിൽപ്പെടുന്നതും ആണ്. അഞ്ച് കുടുംബങ്ങൾ നിലവിൽ താമസിച്ചു വരുന്ന വീടും പുരയിടവും ഏറ്റെടുക്കപ്പെടുന്നത് സമീപത്ത് സ്ഥാപിതമായ കാറ്റഗറി 1 ലൈറ്റിംഗ് സിസ്റ്റത്തിൽ നിന്നും ഭാവിയിൽ ഉണ്ടാകാൻ ഇടയുള്ള സുരക്ഷാ ഭീഷണി മുൻനിർത്തി ഇവർക്ക് സമാധാനപൂർണ്ണമായി ജീവിക്കാൻ ഉതകുന്ന പുനരധിവാസത്തിന് ആണ് ഇവിടെ ഭൂമി ഏറ്റെടുക്കപ്പെടുന്നത്.ഇത് കൂടാതെ വളരെ കുറച്ചു മാത്രം പ്രശ്നങ്ങളും പ്രയാസങ്ങളും ആഘാതങ്ങളും മാത്രമാണ് സ്ഥലം ഏറ്റെടുക്കലിനോടനുബന്ധിച്ച് ഉണ്ടാകുന്നുള്ളൂ. പൊതുവെ RFCTLARR Act 2013നും RFCTLARR Act Rules Kerala 2015 നും അനുസൃതമായി നഷ്ടപരിഹാരവും പ്രത്യേക പാക്കേജും അനുവദിക്കപ്പെടുന്നത് ഭൂവുടമകളുടെയും താമസക്കാരുടെയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.കൂടാതെ പ്രകൃതിക്കോ മറ്റ് പൊതുസ്ഥാപനങ്ങൾക്കോ തൊഴിലുടമകൾക്കോ തൊഴിലിനോ ഒരു തരത്തിലും ആഘാതം ഉണ്ടാകാത്തതിനാലും സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകാവുന്നതാണ് എന്ന് ശുപാർശ ചെയ്യുന്നു.

എന്ന്

യൂണിറ്റ്

ചെയർമാൻ, സാമൂഹ്യ ആഘാത

(കയ്റോസ്,കണ്ണൂർ)

18.09.2025

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ചിത്രങ്ങൾ **(ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ മട്ടന്നൂർ വാർഡ് കൗൺസിലറോടൊപ്പം പഠന യൂണിറ്റ് അംഗങ്ങൾ**

സ്ഥല സന്ദർശനം നടത്തുന്നു.

മുനിസിപ്പാലിറ്റി ചെയർമാനുമായി പഠന യൂണിറ്റ് അംഗങ്ങൾ ചർച്ച നടത്തുന്നു

<u>പഴശ്ശി വില്ലേജ് ഓഫീസറുമായി പഠന യൂണിറ്റ് അംഗങ്ങൾ ചർച്ച   നടത്തുന്നു</u>

<u>കിയാൽ സ്പെഷ്യൽ തഹസിൽദാർ (എൽ എ) office ജൂനിയർ സൂപ്രണ്ട്,office staff എന്നിവരുമായി പഠന യൂണിറ്റ് അംഗങ്ങൾ ചർച്ച നടത്തുന്നു</u>

പൊതുകേൾക്കൽ യോഗത്തിന്റെ ചിത്രങ്ങൾ

ഗസറ്റിന്റെ പകർപ്പ്

© കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14 Vol. XIV	തിരുവനന്തപുരം, ശനി Thiruvananthapuram, Saturday	2025 ജൂൺ 21 21st June 2025 1200 മിഥുനം 7 7th Mithunam 1200 1947 ജ്യേഷ്ഠം 31 31st Jyaishta 1947	നമ്പർ No.	2271

ഫോറം നമ്പർ 4
[റൂൾ 11(3) കാണുക]
വിജ്ഞാപനം

DCKNR/13310/2019-JS(C) 2025 ജൂൺ 20

താഴെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് കണ്ണൂർ വിമാനത്താവളം കാറ്റ് 1 ലൈറ്റിംഗിന്റെ സമീപമുള്ള 5 കുടുംബങ്ങളുടെ 71.85 സെന്റ് ഭൂമി സുരക്ഷ മുൻനിർത്തി ഏറ്റെടുക്കുവാൻ ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതുകൊണ്ടും

ഭൂമിയേറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം- 2013 (കേന്ദ്ര നിയമം 30,2013) ലെ വകുപ്പ് 4(1) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് കൊണ്ട്, 200 ആറിൽ കവിയാത്ത ഭൂമി പൊതുആവശ്യത്തിന് ഏറ്റെടുക്കേണ്ട അവസരത്തിൽ കേരള സർക്കാർ അതാത് ജില്ലാകളക്ടറെ ജി.ഒ. (പി) നം.376/2016/ആർ.ഡി. തീയതി 29-06-2016, എസ്.ആർ.ഒ. നം. 468/16 എന്നിവ പ്രകാരം സമുചിത സർക്കാരായി അധികാരപ്പെടുത്തിയിട്ടുള്ളതിനാലും താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു സാമൂഹ്യ പ്രത്യാഘാതം വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിനാൽ, ഇപ്പോൾ കണ്ണൂർ ജില്ലയിലെ ബന്ധപ്പെട്ട പ്രദേശത്ത് നിയമാനുസൃതം സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും ഒരു സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും [illegible], [illegible].പി.ഒ, കണ്ണൂർ - 670 013 എന്ന ഏജൻസിയെ ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് എന്ന നിലയിൽ അധികാരപ്പെടുത്തിയിരിക്കുന്നു. ടി പ്രവൃത്തി 45 ദിവസത്തിനകം പൂർത്തീകരിക്കേണ്ടതും ആയത് യാതൊരു കാരണവശാലും ആറു മാസത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല: കണ്ണൂർ താലൂക്ക്: ഇരിട്ടി

ക്രമ നം	വില്ലേജ്	ദേശം	സർവ്വേ നം	വിസ്തീർണ്ണം(Are)
1	പഴശ്ശി	കുന്നൂർ	8/1A	9.08
2	പഴശ്ശി	കുന്നൂർ	8/1A	4.86
3	പഴശ്ശി	കുന്നൂർ	8/1C	15.14
			ആകെ	29.08(71.85 cent)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEER...
Date:2025.06.21 12:54:2...

കേരള കൗമുദി **12.07.2025** ലെ പത്രപരസ്യത്തിന്റെ പകർപ്പ്

ഓച്ചിറ: ഞക്കനാൽ ശ്രീമുരളിയിൽ പരേതനായ മുരളീധരന്റെ ഭാര്യ രാജലക്ഷ്മി (69) നിര്യാതയായി. മക്കൾ: ഹണിലാൽ മുരളീധരൻ, ശ്രീദേവി രതീഷ്.

) നിര്യാതനായി. ഭാര്യ: ശകുന്തള. ബി. മകൾ: ശ്രീഷ്മ. എസ്.ബി. മരുമകൻ: സ്വരീഷ് ലാൽ. സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8.30 ന്.

മരുമകൻ: അഭിജിത്. സംസ്കാരം: ശനിയാഴ്ച രാവിലെ 8.30-ന്മാറനല്ലൂർ പൊതു ശ്മശാനത്തിൽ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ എട്ടിന്

ക്കൾ: ഷാജി, ഷീബ, ബി... ബിനു. മരുമക്കൾ: അജി... ഹരീന്ദ്രനാഥ്, പ്രതിജ, പ... തനായ പ്രകാശ്. സഞ്ചയ... :15ന് രാവിലെ 8.30ന്.

ഫോറം നം 5
ചട്ടം (14)1 കാണുക
പരസ്യം

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെട്ട താഴെ പട്ടികയിൽ വ്യക്തമാക്കപ്പെട്ട ഭൂമി പൊതു താൽപര്യത്തിന് ആവശ്യമുള്ളതിനാലും, അല്ലെങ്കിൽ ആവശ്യമുണ്ടാകാൻ സാധ്യത ഉള്ളതിനാലും 2025 ജൂൺ 21-ാം തീയ്യതിയിലെ 2271 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന്റെ അനുബന്ധമായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനും ഉള്ള അവകാശ നിയമത്തിലെ വകുപ്പ് 4 ഉപവകുപ്പ് (1) പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്. ഈ ഭൂമിയുമായി താല്പര്യപ്പെടുന്ന മുഴുവൻ വ്യക്തികളും, സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി ഉള്ള പൊതു അവകാശ വാദത്തിന് 2025 ജൂലൈ മാസം 26-ാം തീയ്യതി ശനിയാഴ്ച രാവിലെ 11.00ന് കല്ലേരിക്കര എൽ പി സ്കൂൾ ഹാളിൽ ഹാജരാകണം എന്ന് ഇതിനാൽ അറിയിക്കുന്നു.

ക്രമന.	സർവ്വേ നമ്പർ	വില്ലേജ്	വിവരണം	ഭൂഉടമസ്ഥർ
1	8/1A	പഴശ്ശി	പുരയിടം	തേനമ്പേത് ബാലൻ
2	8/1A	"	പുരയിടം	എൻ സുരേന്ദ്രൻ
3	8/1C	"	പുരയിടം	പുതിയേടത്ത് കാർത്ത്യായനി
4	8/1A	"	പുരയിടം	നരിക്കോടൻ പുഷ്പ
5	8/1C	"	പുരയിടം	മരുർക്കണ്ടി ബിന്ദു

കണ്ണൂർ
11.07.2025

ചെയർമാൻ (ഒപ്പ്)
സാമൂഹ്യ ആഘാത പഠന യൂണിറ്റ്,
കയ്റോസ്, കണ്ണൂർ

കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK-11 DRAW RESULT 11/07/2025

ഒന്നാം സമ്മാനം ₹ 1 കോടി **RF 258561** (കൊല്ലം)

സമാശ്വാസ സമ്മാനം ₹ 5000: RA 258561 RB 258561 RC 258561 RD 258561 RE 258561 RG 258561 RH 258561 RJ 258561 RK 258561 RL 258561 RM 258561

കേരള സംസ്ഥാന ഭാഗ്യക്കുറി

രണ്ടാം സമ്മാനം ₹30 ലക്ഷം **RF 395748** (കോട്ടയം)

മൂന്നാം സമ്മാനം ₹5 ലക്ഷം **RK 900261** (പാലക്കാട്)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0060 0406 0519 0804 1111 1349 1557 1610 2712 3270 4210 4586 5089 5649 8008 8025 8565 8615 8683 9060

അഞ്ചാം സമ്മാനം ₹2000: 0552 1598 5475 6730 9605 9739

ആറാം സമ്മാനം ₹1000: 0152 0992 1504 1952 2579 2747 2957 3101 3138 3510 3834 3880 4359 4720 4803 4976 5055 5071 5428 5539 6086 7279 7697 7960 8320 8457 8803 9078 9484 9876

ഏഴാം സമ്മാനം ₹500: 0034 0117 0185 0237 0353 0414 0841 0851 0958 1242 1254 1271 1393 1467 1506 1599 1713 1723 1772 1783 1863 1935 2419 2565 2590 2792 2847 2873 3063 3125 3341 3356 3532 3690 3844 3901 3936 4466 4505 4658 4765 4791 4971 5127 5172 5247 5303 5596 5817 5840 6016 6526 6683 6755 7109 7159 7463 7528 7598 8040 8066 8074 8211 8327 8384 8451 8500 8631 8695 8832 9231 9437 9617 9719 9789 9998

എട്ടാം സമ്മാനം ₹200: 0085 0103 0262 0479 0564 0663 0734 0773 0802 0922 1097 1302 1450 1473 1584 1786 1848 1870 1908 1971 2027 2075 2083 2261 2367 2375 2420 2426 2539 2573 2812 3027 3094 3096 3191 3353 3440 3621 3794 3914 3916 3954 3959 3962 3974 4014 4015 4329 4516 4750 4864 4985 5027 5054 5468 5945 5995 6480 6535 6595 6711 6954 7104 7170 7195

CHANGE OF NAM

I, Sanish Vadakkekunnu... purath Sebastian, residing a... Vadakkekunnumpurat... House, New Naduvil Village... Eruvassy, Kayalampara... Kannur, Pin 670632 (holde... of Indian Passport N... Z5752096) do hereby chang... my minor daughter's nam... Sera Vadakkekunnumpura... Sanisha (holder of Indi... Passport No. X4491577) SERA SANISH. This chan... will come into effect in ... records related to her.

CHANGE OF NAM

I, Sanish Vadakkekunn... purath Sebastian, residing... Vadakkekunnumpur... House, New Naduvil Vill... Eruvassy, Kayalamp... Kannur, Pin 670632 (ho... of Indian Passport Z5752096) do hereby ch... my minor son's n... Steve Aben Sanisha (h... of Indian Passport T8112109) as STEVE SA... .This change will come... effect in all records relat... him.

In the court of the Principal ... of Kasaragod
Restoration petition I.A. 1...
In O.S.No.354/2018

Between:
Abdul Rahiman alias Andun
.... Petitione...
And
1. Khader Pudukoli
..........Respondents/De...
To.
Defendants: D2. Mohamme...

സുപ്രഭാതം 12.07.2025 ലെ പത്രപരസ്യത്തിന്റെ പകർപ്പ്

...ായകൽപ്പ് പുരസ്‌ക്കാരങ്ങൾ;
...ിയ്ക്ക് അഭിമാനനേട്ടം

▸ 2024-25 വർഷത്തെ ...ന കായകൽപ്പ് അവാർ ...ർ ജില്ലയിലെ ആരോഗ്യ ...ങ്ങൾക്ക് അഭിമാനനേ .../ജനറൽ ആശുപത്രി ...ിൽ 70 ശതമാനത്തിൽ മാർക്ക് നേടി മാങ്ങാ ...ീകളുടെയും കുട്ടിക ...ആശുപത്രി (81 ശതമാ ...ൽപ്പ് കമൻഡേഷൻ ...കരസ്ഥമാക്കി. മൂന്ന് ...യാണ് അവാർഡ് ...ക്ക് ആശുപത്രി വി ...70 ശതമാനത്തിൽ ...ർക്ക് നേടി പഴയ ...ൂക്ക് ആശുപത്രി ...) ഒരുലക്ഷം രൂപ ...ർഡ്. പ്രാഥമികാ ...വിഭാഗത്തിൽ 95.8 ശതമാനം മാർക്ക് നേടി ചൊക്ലി കുടുംബാരോഗ്യ കേന്ദ്രം രണ്ട് ലക്ഷം രൂപയുടെയും 92.5 ശതമാനം മാർക്ക് നേടി കല്യാശേരി കുടുംബാരോഗ്യ കേന്ദ്രം 50,000 രൂപയുടെയും 90.8 ശതമാനം മാർക്ക് നേടി മൊറാഴ, ഉദയഗിരി കുടുംബാരോഗ്യ കേന്ദ്രങ്ങൾ 25,000 രൂപയുടെയും അവാർഡുകൾ സ്വന്തമാക്കി. ജനകീയാരോഗ്യകേന്ദ്ര വിഭാഗത്തിൽ 97.5 ശതമാനം മാർക്ക് നേടി കതിരൂർ മെയിൻ സെന്റർ ഒരുലക്ഷം രൂപയുടെയും 96.2 ശതമാനം മാർക്ക് നേടി കുണ്ടുചിറ 50,000 രൂപയുടെയും 93.8 ശതമാനം മാർക്ക് നേടി മൊറാഴ 35,000 രൂപയുടെയും അവാർഡുകൾ കരസ്ഥമാക്കി.

...ന്ന്

...ം മത്സരവും

...ജില്ലാപ്രസി
...ർ,
...ി കെ.പി

...ം ചെയർ
കൺവി
ക്ക സം

ഫോറം നമ്പർ 5
ചട്ടം (14) 1 കാണുക
പരസ്യം

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽ പ്പെട്ട താഴെ പട്ടികയിൽ വ്യക്തമാക്കപ്പെട്ട ഭൂമി പൊതു താൽപ്പര്യത്തിന് ആവശ്യമുള്ളതിനാലും, അല്ലെങ്കിൽ ആവശ്യമുണ്ടാകാൻ സാധ്യത ഉള്ളതിനാലും 2025 ജൂൺ 21-ാം തീയ്യതിയിലെ 2271 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിനു അനുബന്ധമായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനും ഉള്ള അവകാശ നിയമത്തിലെ വകുപ്പ് 4 ഉപവകുപ്പ് (1) പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്. ഈ ഭൂമിയുമായി താല്പര്യപ്പെടുന്ന മുഴുവൻ വ്യക്തികളും,സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി ഉള്ള പൊതു അവകാശ വാദത്തിന് 2025 ജൂലൈ മാസം 26-ാം തീയ്യതി ശനിയാഴ്ച രാവിലെ 11.00ന് കല്ലേരിക്കര എൽ.പി സ്കൂൾ ഹാളിൽ ഹാജരാകണം ഇതിനാൽ അറിയിക്കുന്നു.

ക്രമ നമ്പർ	സർവ്വേ നമ്പർ	വില്ലേജ്	വിവരണം	ഭൂഉടമസ്ഥർ
1.	8/1A	പഴശ്ശി	പുരയിടം	തേനമ്പേത്ത് ബാലൻ
2.	8/1A	പഴശ്ശി	പുരയിടം	എൻ സുരേന്ദ്രൻ
3.	8/1C	പഴശ്ശി	പുരയിടം	പുതിയേടത്ത് കാർത്ത്യായനി
4.	8/1A	പഴശ്ശി	പുരയിടം	നരിക്കോടൻ പുഷ്പ
5.	8/1C	പഴശ്ശി	പുരയിടം	മരുർക്കണ്ടി ബിന

കണ്ണൂർ
15.03.2024

ചെയർമാൻ (ഒപ്പ്)
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്‌റോസ്, കണ്ണൂർ)

<u>പൊതു അവകാശവാദ യോഗത്തിന്റെ നോട്ടീസ്</u>

ഫോറം നം 5
ചട്ടം (14) 1 കാണുക
പരസ്യം

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിൽപ്പെട്ട താഴെ പട്ടികയിൽ വ്യക്തമാക്കപ്പെട്ട ഭൂമി പൊതു താൽപ്പര്യത്തിന് ആവശ്യമുള്ളതിനാലും,അല്ലെങ്കിൽ ആവശ്യമുണ്ടാകാൻ സാധ്യത ഉള്ളതിനാലും 2025 ജൂൺ 21 -)0 തീയ്യതിയിലെ 2271 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിനു അനുബന്ധമായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനും ഉള്ള അവകാശ നിയമത്തിലെ വകുപ്പ് 4 ഉപവകുപ്പ് (1) പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്.ഈ ഭൂമിയുമായി താല്പര്യപ്പെടുന്ന മുഴുവൻ വ്യക്തികളും,സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി ഉള്ള പൊതു അവകാശ വാദത്തിന് 2025 ജൂലൈ മാസം 26-)0 തീയ്യതി ശനിയാഴ്ച രാവിലെ 11.00ന് കല്ലേരിക്കര എൽ പി സ്കൂൾ ഹാളിൽ ഹാജരാകണം എന്ന് ഇതിനാൽ അറിയിക്കുന്നു.

ക്രമ നം	സർവ്വേ നമ്പർ	വില്ലേജ്	വിവരണം	ഭൂഉടമസ്ഥർ
1	8/1A	പഴശ്ശി	പുരയിടം	തേനമ്പേത് ബാലൻ
2	8/1A	"	പുരയിടം	എൻ സുരേന്ദ്രൻ
3	8/1 C	"	പുരയിടം	പുതിയേടത്ത് കാർത്ത്യായനി
4	8/1A	"	പുരയിടം	നരിക്കോടൻ പുഷ്പ
5	8/1 C	"	പുരയിടം	മരൂർക്കണ്ടി ബീന

കണ്ണൂർ

11.07.2025

ചെയർമാൻ (ഒപ്പ്)

സാമൂഹ്യ ആഘാത പഠന യൂണിറ്റ്,

കയ്റോസ്,കണ്ണൂർ

പൊതുകേൾക്കൽ യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും

[illegible] 1-ന്റെ [illegible] [illegible] [illegible]
[illegible], [illegible] [illegible] [illegible] [illegible] [illegible]
[illegible] [illegible] [illegible] [illegible] [illegible]
[illegible] [illegible] [illegible] [illegible] [illegible]
[illegible] 26.07.2025ന് രാവിലെ 11 മണിക്ക് ചേർന്ന

ഹാജർ

1) [illegible]
2) [illegible]
3) [illegible]
4) [illegible]
5) [illegible]
6) [illegible]
7) [illegible]
8) [illegible]
9) [illegible]
10 [illegible]
11 [illegible]
12 N. [illegible]
13 [illegible] (28 ാം Ward Councillor)
14 [illegible] VA, LA Airport, Mattannur
15. [illegible]
16 Sumesh - I - SRI LA Airport

17. ഷീന വി ഡെപ്യൂട്ടി തഹസിൽദാർ
LA Airport 1. മട്ടന്നൂർ
8281449614

18. Jincy. CH. (KAIROS, KANNUR) 26.07.25 Jincy. CH

19 PAREED (EDAKADAN KANDY)

20 Fathima M.P Fathima

21 K.V. Chandran

പൊതുഅവകാശവാദത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾക്കുള്ള അർത്ഥനാധികാരിയുടെ മറുപടി

റഫ് :DCKNR/13310/2019-JS(C)

ജില്ലാ കളക്ടറുടെ കാര്യാലയം ,കണ്ണൂർ
തീയതി : 18-09-2025
ഇ-മെയിൽ : dcknr.ker@nic.in
CRU : cru.dcknr@kerala.gov.in
ഫോൺ നമ്പർ : 0497-2700645

പ്രേഷകൻ
ജില്ലാ കളക്ടർ
കണ്ണൂർ

സ്വീകർത്താവ്,
ചെയർമാൻ,
കെയ്റോസ് , ബർണശ്ശേരി
കണ്ണൂർ

സർ,

വിഷയം :- കണ്ണൂർ വിമാനത്താവളം കാറ്റ് 1 ലൈറ്റിംഗിനു സമീപമുള്ള 5 കുടുംബങ്ങളുടെ 71.85 സെന്റ് ഭൂമി ഏറ്റെടുക്കുന്നത് - സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് സംബന്ധിച്ച്

സൂചന :- 1മാനേജിംഗ് ഡയറക്ടർ കിൻഫ്രയുടെ 16.09.2025 തീയ്യതിയിലെ കത്ത്

****

മേൽ സൂചന ശ്രദ്ധിച്ചാലും. കണ്ണൂർ വിമാനത്താവളം കാറ്റ്-1 ലൈറ്റിംഗിനു സമീപമുള്ള കുടുംബങ്ങളുടെ 71.85 സെൻ്റ് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിന്മേലുള്ള കിൻഫ്ര മാനേജിംഗ് ഡയറക്ടറുടെ അഭിപ്രായം സൂചന പ്രകാരം ലഭ്യമായത് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

DYC(LA),DCKNR
Signed by Aneesh A K
ഡെപ്യൂട്ടി കളക്ടർ(എൽ.എ)
Date: 18-09-2025 14:35:09
ജില്ലാ കളക്ടർക്കുവേണ്ടി

ഉള്ളടക്കം:: സൂചന കത്ത്

പകർപ്പ് : സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എയർപോർട്ട്

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണം ആയതിനാൽ മാന്വൽ ഒപ്പ് ആവശ്യമില്ല. ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ്

സന്ദർശിക്കാവുന്നതാണ് .

KERALA INDUSTRIAL
INFRASTRUCTURE DEVELOPMENT CORPORATION
(A Statutory Body of Government of Kerala)

KIN/VII-59/2025-26/4749 16.09.2025

ജില്ലാ കലക്ടർ
കണ്ണൂർ

സർ,

വിഷയം:–കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം കാറ്റ് 1 ലൈറ്റിംങ് സിസ്റ്റത്തിനോട് ചേർന്ന് കിടക്കുന്ന 5 കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കുന്നത് - സാമൂഹ്യാഘാത പഠന റിപ്പോർട്ട് അർത്ഥനാധികാരിയുടെ അഭിപ്രായം - സംബന്ധിച്ച്.

സൂചന- 1. കണ്ണൂർ ജില്ലാ കലക്ടറുടെ 08.09.2025 ലെ DCKNR/13310/2019-JS(C) നമ്പർ കത്ത്.
2. 26.07.2025 ന് കല്ലേരിക്കര എൽ.പി സ്കൂൾ ഹാളിൽ ചേർന്ന പൊതുകേൾക്കൽ യോഗത്തിന്റെ മിനുട്ട്സ്.

മേൽ സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് കാറ്റ് 1 ലൈറ്റിംങിനു സമീപത്തുള്ള 5 കുടുംബങ്ങളുടെ 71.85 സെന്റ് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള കിൻഫ്രയുടെ അഭിപ്രായം താഴെ കൊടുക്കുന്നു.

I. 26.07.2025 ന് നടന്ന പൊതു കേൾക്കൽ യോഗത്തിന്റെ മിനുട്ട്സിൽ പ്രതിപാദിച്ച ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള കുടുംബങ്ങളുടെ 71.85 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. കണ്ണൂർ വിമാനത്താവളത്തിനോട് അനുബന്ധിച്ചുള്ള കാറ്റഗറി 1 ലൈറ്റിംഗിന് സമീപത്തുള്ള 5 കുടുംബങ്ങളുടെ ഭൂമി വിമാനത്താവള പദ്ധതിക്ക് ആവശ്യമില്ലാത്തതിനാലും സുരക്ഷാ ഭീക്ഷണി മുൻനിർത്തി മാത്രം ഏറ്റെടുക്കുന്നതിനാലും നിലവിലുള്ള RFCTLARR ആക്ട് പ്രകാരം ജില്ല കലക്ടർ നിശ്ചയിക്കുന്ന ഭൂമി വിലയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി സ്വീകരിക്കുന്നതിന് കിൻഫ്രക്ക് എതിരഭിപ്രായമില്ലെന്ന് അറിയിക്കുന്നു.

II. സൂചന 2 മിനുട്ട്സിലെ ക്രമ നമ്പർ 6 മുതൽ 8 വരെയുള്ളവരുടെ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടില്ലാത്തതാണ്.

വിശ്വസ്തതയോടെ,

മാനേജിംഗ് ഡയറക്ടർ

Kinfra House, 31/2312, Sasthamangalam, Trivandrum-695 010, India. www.kinfra.org
Tel: ++91-471-2726585, Fax: ++91-471-2724773, e-mail: mail@kinfra.org